# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തലപ്പലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. കെ.ടി.എം. പി14-2001/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 23/12/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തലപ്പലം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തലപ്പലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലപ്പലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ. കെ.ടി.എം. പി14-2001/2023 തീയ്യതി: 23/12/2023

## കോട്ടയം ജില്ലയിലെ തലപ്പലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തലപ്പലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2022 മുതൽ 30-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 02-12-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബീനാകുമാരി സി.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 25-11-2023 | 02-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-11-2023 | 02-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

സജി പി ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ഷാന്റി ജോർജ്, അസി. ഓഡിറ്റ് ഓഫീസർ

ജയശ്രീ പി ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ

അഗസ്റ്റിൻ സി തേവർകുന്നേൽ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അനുപമ വിശ്വനാഥ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ഷീജ പി എസ് | സെക്രട്ടറി | 01-04-2022 | 31-05-2022 |
| പയസ് ജെ വലിയവീട്ടിൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2022 | 14-10-2022 |
| രാജീവ് ആർ | സെക്രട്ടറി | 15-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. അക്സ പി തോമസ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. യശോധരൻ ഗോപാലൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2022 | 31-03-2023 |
| ആര്യ എസ് ദിവാകരൻ | അസിസ്റ്റന്റ് എഞ്ചിനിയർ (എൽ.എസ്.ജി.ഡി) | 01-04-2022 | 31-03-2023 |
| മഞ്ജുദേവി യു ആർ | കൃഷി ഓഫീസർ | 01-04-2022 | 04-08-2022 |
| ജയകൃഷ്ണ ജെ | കൃഷി ഓഫീസർ | 05-08-2022 | 31-03-2023 |
| ലൗജിൻ സണ്ണി | വി ഇ ഒ 1 | 01-04-2022 | 12-09-2022 |
| അനു ചന്ദ്രൻ | വി ഇ ഒ 1 | 13-09-2022 | 31-03-2023 |
| ലൗജിൻ സണ്ണി | വി ഇ ഒ 2 (അഡീഷണൽ ചാർജ് ) | 01-04-2022 | 27-05-2022 |
| ആൽഫ സെബാസ്ററ്യൻ | വി ഇ ഒ 2 | 28-05-2022 | 05-09-2022 |
| ജിനു സെബാസ്ററ്യൻ | വി ഇ ഒ 2 | 06-09-2022 | 31-03-2023 |
| ആരിഫ കെ പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-05-2022 |
| രശ്മി ആർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-06-2022 | 31-01-2023 |
| പുഷ്കല | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-02-2023 | 31-03-2023 |
| റൊണാൾഡ് വിൽസൺ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ജെയ്മോൾ പി തോമസ് | ഹെഡ് മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ഡോ.പദ്മനാഭൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 03-07-2022 |
| ഡോ. ജുവൽ ജോസ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 04-07-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-2 |
| 4 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-3 |
| 5 | ലോൺ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണം | 1-1-4 |
| 6 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-5 |
| 7 | ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-7 |
| 9 | ഡെപ്പോസിറ്റ് രജിസ്റ്റർ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല | 1-1-8 |
| 10 | അഡ്വാൻസ് രജിസ്റ്റർ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | വരവിനങ്ങളുടെ ഡി.സി.ബി കണക്കാക്കി വാർഷികകണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല | 1-1-10 |
| 12 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്  അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | ബാങ്ക് അക്കൗണ്ട് ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല | 1-1-12 |
| 14 | ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല | 1-1-13 |
| 15 | വാടക കുടിശ്ശിക തുകയുടെ വിശദാംശമില്ല | 1-1-14 |
| 16 | കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-15 |
| 17 | ബജറ്റ് | 1-2 |
| 18 | സാമ്പത്തിക വിശകലനം | 1-3 |
| 19 | ഗ്രാന്റ് വിനിയോഗം | 1-4 |
| 20 | വാർഷിക പദ്ധതി വിശദാംശങ്ങൾ | 1-5 |
| 21 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 22 | ക്ഷേമ പദ്ധതികൾ | 1-7 |
| 23 | ക്യാഷ്ബാലൻസ് പരിശോധന | 1-8 |
| 24 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 25 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 26 | ഒക്യുപ്പൻസി അനുവദിച്ച കെട്ടിടത്തിലെ അനധികൃത നിർമ്മാണം - നടപടി സ്വീകരിക്കേണ്ടതാണ് | 1-11 |
| 27 | ഒരേ കെട്ടിടത്തിന്റെ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം | 1-12 |
| 28 | മൊബൈൽ ടവറിന്റെ ക്രമവത്ക്കരണ ഫീസ് ഈടാക്കിയതിൽ കുറവ് | 1-13 |
| 29 | വാണിജ്യ - പാർപ്പിട കെട്ടിടത്തിൽ അധിക റൂഫിങ് - പെർമിറ്റ് ഫീ, വസ്തുനികുതി ഈടാക്കിയില്ല | 1-14 |
| 30 | ഒക്യുപ്പൻസി ലഭിച്ചതിന് ശേഷം അനധികൃത നിർമ്മാണം വ്യാപകം-പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുന്നില്ല | 1-15 |
| 31 | ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയില്ല | 1-16 |
| 32 | സ്വകാര്യ സ്ഥാപനങ്ങൾ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല | 1-17 |
| 33 | ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-18 |

| | | |
|---|---|---|
| 34 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു | 1-19 |
| 35 | അധിക വിഭവ സമാഹരണം - അവലോകനം | 1-20 |
| 36 | പുഴ പുനർജ്ജനി പദ്ധതി-മീനച്ചിലാർ നവീകരണം— തനത് ഫണ്ടിൽ നിന്ന് തുക അനുവദിച്ചത് തിരികെ ലഭിച്ചിട്ടില്ല. | 1-21 |
| 37 | അസിസ്റ്റൻറ് എൻജിനീയറുടെ പേരിലുള്ള അക്കൗണ്ടിലെ ഇടപാടുകളുടെ വിശദാംശങ്ങൾ ലഭ്യമല്ല | 1-22 |
| 38 | കളത്തുക്കടവ് ടേക്ക് എ ബ്രേക്ക് കെട്ടിടം-ഉപയോഗക്ഷമമാക്കിയിട്ടില്ല. | 1-23 |
| 39 | ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി | 1-24 |
| 40 | വീട് വാസയോഗ്യമാക്കൽ എസ്. സി.- പൂർത്തിയാക്കിയിട്ടില്ല | 1-25 |
| 41 | മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ– ക്ലീൻ കേരള കമ്പനിക്ക് 4248 രൂപ അധികം നൽകി. | 1-26 |
| 42 | ടെൻഡർ ഷെഡ്യൂള പ്രകാരമുള്ള ഗ്യാരന്റി രേഖകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തില്ല | 1-27 |
| 43 | ബാലസഭ- അനുവദനീയമായതിലും അധികം തുക ചെലവഴിച്ചു. | 1-28 |
| 44 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക ചെലവഴിച്ചത്- പ്രവൃത്തി പൂർത്തിയാക്കി വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല | 1-29 |
| 45 | കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 1-30 |
| 46 | പി.എം.എ.വൈ. വിഹിതം നൽകൽ– വിനിയോഗവിവരം ലഭ്യമല്ല. | 1-31 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ– ക്ലീൻ കേരള കമ്പനിക്ക് 4248 രൂപ അധികം നൽകി. | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. തലപ്പലം ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 07/07/2023 തീയതിയിലെ 1(1) തീരുമാനം പ്രകാരം അംഗീകരിച്ച് 11/07/2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തലപ്പലം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു .**

## 1-1-1 ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല

31/03/2023 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല.

## 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

26/07/2011-ലെ ജി.ഒ.(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത്

ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. പഞ്ചായത്തിന്റെ വാഹനം ആസ്തിയായി B 11 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

**1-1-3 ക്യാപിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല**

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

**1-1-4 ലോൺ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണം**

1. ലോൺ രജിസ്റ്ററിൽ മുന്നിരിപ്പ് തുകയുടെ വിശദാംശം എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B5 ഷെഡ്യൂളിലെ 330500201 - Secured Loans ശീർഷകത്തിൽ ബാക്കി നിൽക്കുന്ന തുകയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചില്ല.

2. 2019-20 വർഷത്തിലെ ലോൺ ഇനത്തിലുള്ള തിരിച്ചടവ് തുകയായ 735294.00 രൂ ലോൺ ബാദ്ധ്യത തുകയിൽ നിന്ന് കുറവ് ചെയ്യിട്ടില്ലാത്തത് നിലവിലും ലോൺ നീക്കിയിരിപ്പിൽ ക്രമീകരിച്ചിട്ടില്ല.

**1-1-5 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല**

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 62 പ്രകാരം ഓഡിറ്റിന് സമർപ്പിക്കേണ്ടിയിരുന്ന റേഷ്യോസ്, നോട്സ് ഓൺ അക്കൗണ്ട് എന്നിവ ഓഡിറ്റിനായി ലഭ്യമാക്കിയില്ല.

**1-1-6 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല**

ബി-5 Secured Loans (KURDFC വായ്പ) ഷെഡ്യൂളും ബി-16 Pre-paid Expenses ഷെഡ്യൂളും പൊരുത്തപ്പെടുന്നില്ല.

**1-1-7 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല**

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 31/03/2023 ബാലൻസ് ഷീറ്റ് 350300199 ശീർഷകങ്ങളിൽ നിലനിൽക്കുന്നത് എന്തിനം ബാധ്യതയാണെന്നതിൽ വ്യക്തതയില്ല. സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ വിശദാംശങ്ങൾ കൃത്യമായി രജിസ്റ്ററിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

**1-1-8 ഡെപ്പോസിറ്റ് രജിസ്റ്റർ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല**

1. Biddersers' EMD , Contractors Retention ഇനങ്ങളിലെ ഡെപ്പോസിറ്റ് രജിസ്റ്റർ രേഖപ്പെടുത്തൽ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. B7 ഷെഡ്യൂളിൽ 340100303 – Election Deposit ഹെഡിലെ 21,000 രൂപയുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ ലഭ്യമല്ലാത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**1-1-9 അഡ്വാൻസ് രജിസ്റ്റർ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല**

1. B18 ഷെഡ്യൂളിലെ തുകകളുടെ മുന്നിരിപ്പ് തുകകളുടെ വിവരങ്ങളുടെ കൃത്യത പരിശോധിക്കുന്നതിന് രേഖകൾ ലഭ്യമല്ല.

2. B18 ഷെഡ്യൂളിൽ 460500499 ശീർഷകത്തിലെ തുകകളുടെ വിവരങ്ങൾ രജിസ്റ്ററിൽ ലഭ്യമല്ല.

3. Festival Advance, Advance To Others ഇനങ്ങളിലെ അഡ്വാൻസ് രജിസ്റ്റർ രേഖപ്പെടുത്തൽ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-10 വരവിനങ്ങളുടെ ഡി.സി.ബി കണക്കാക്കി വാർഷികകണക്കുകളുമായി പൊരുത്തപെടുത്തിയിട്ടില്ല

1. വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

2. തൊഴിൽ നികുതി (ട്രേഡേഴ്സ്) വാർഷിക കണക്ക് പ്രകാരമുള്ള ഡിമാൻഡ്, കളക്ഷൻ തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-11 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ രേഖപെടുത്തലുകൾ വാർഷിക കണക്കുകളുമായി പൊരുത്തപെടുന്നില്ല

B4 ഷെഡ്യൂളിലെ വിവരങ്ങൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും എല്ലാ രേഖപ്പെടുത്തലുകളും വാർഷിക കണക്ക് B4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല. നിർമൽ പുരസ്കാരം, ഗുണഭോക്തൃ വിഹിതം എന്നിവയുടെ എ സി ആർ പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ഫണ്ടുകളുടെ മുൻബാക്കിയുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ ക്യാരി ഓവർ ചെയ്യുന്നില്ല .

### 1-1-12 ബാങ്ക് അക്കൗണ്ട് ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല

ഹെൽത്ത് ഗ്രാന്റ് നിക്ഷേപിക്കുന്നതിനുള്ള മൂന്ന് ബാങ്ക് അക്കൗണ്ടുകളിൽ ഒരു സീറോ ബാലൻസ് അക്കൗണ്ട് (കേരള ഗ്രാമീണ ബാങ്ക്, അക്കൗണ്ട് നം. 40744101029464) വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല .

### 1-1-13 ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

ഇൻവെസ്റ്റ്മെന്റ് ബാലൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ B12 ഷെഡ്യൂളിലെ സ്ഥിരനിക്ഷേപ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പു വരുത്താൻ സാധിക്കുന്നില്ല. എഫ് ഡി രസീത് പരിശോധനയ്ക്ക് ലഭ്യമായില്ല. ബാങ്കിൽ നിന്നും ലഭിച്ച സ്റ്റേറ്റ്മെന്റിൽ നിന്നും (എസ് സി ബി തലപ്പലം, പ്ലാശനാൽ ശാഖ A/c No - 0120000015973) വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് വ്യത്യാസപ്പെട്ടിരിക്കുന്നു.

### 1-1-14 വാടക കുടിശ്ശിക തുകയുടെ വിശദാംശമില്ല

ബാലൻസ് ഷീറ്റ് B15 ഷെഡ്യൂളിൽ വാടകകുടിശ്ശികയായി രേഖപ്പെടുത്തിയിരിക്കുന്ന 14436 രൂപയുടെ വിശദാംശങ്ങൾ ലഭ്യമായില്ല.

### 1-1-15 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപെടുത്തിയിട്ടില്ല

പഞ്ചായത്തിന് ലഭ്യമാകാനുള്ള കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 10/03/2023 തീയതിയിലെ 3(1) നം. തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചു. പ്രതീക്ഷിത ബജറ്റ് പ്രകാരമുള്ള വരവുചെലവു കണക്കുകളും പുതുക്കിയ ബജറ്റ് പ്രകാരമുള്ള കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യാഥാർത്ഥത്തിലുള്ളത് |
|---|---|---|

| | | |
|---|---|---|
| മുന്നിരിപ്പ് | 2306798 | 9691017 |
| വരവ് | 84950000 | 29310400 |
| ആകെ | 87256798 | 39001417 |
| ചെലവ് | 84554300 | 37669175 |
| നീക്കിയിരിപ്പ് | 2702498 | 1332242 |

## 1-3 സാമ്പത്തിക വിശകലനം

**റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം**

| | |
|---|---|
| മുന്നിരിപ്പ് | 96,91,017 |
| ഓഡിറ്റ് വർഷത്തെ വരവ് | 2,93,10,400 |
| ആകെ | 3,90,01,417 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 2,56,77,175 |
| നീക്കിയിരിപ്പ് | 1,33,24,242 |

**ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം**

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 6,90,12,009 |
| ആകെ ചെലവ് | 6,73,39,222 |
| വരുമാന ലാഭം | 16,72,787 |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | 615424 |
| അറ്റ പ്രവർത്തന ലാഭം | 22,88,211 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | 4248 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1267500 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിതനിധിയിലേക്ക് തിരികെ ഈടാക്കിയത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 10377000 | 10377000 | 9513811 | 863189 | 91.68 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 0 | 1996000 | 1996000 | 1618893 | 377107 | 81.10 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 277000 | 277000 | 248600 | 28400 | 89.74 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 3844000 | 3844000 | 1764739 | 2079261 | 45.90 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4570000 | 4570000 | 3039434 | 1530566 | 66.50 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied ) | 604583 | 1916089 | 2520672 | 1482011 | 1038661 | 58.79 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Tied ) | 34774 | 4508000 | 4542774 | 2161940 | 2380834 | 47.59 |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 2000 | 14469591 | 14467591 | 14465535 | 2056 | 99.98 |
| ഐ.സി.ഡി. എസ്. കേന്ദ്രവിഹിതം | 237503 | 793352 | 1030855 | 501122 | 529733 | 48.61 |
| ശുചിത്വമിഷൻ ഗ്രാന്റ് | 956232 | 0 | 956232 | 833853 | 122379 | 87.20 |
| ടോട്ടൽ സാനിട്ടേഷൻ | 149201 | 0 | 149201 | 110272 | 38929 | 73.90 |

വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി. ടി.എസ്.പി. വിഹിതങ്ങളിൽ നിന്ന് യഥാക്രമം 1686345/-രൂപ, 141648/-രൂപ, 55799/-രൂപ വീതം കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. കുറവ് ചെയ്ത തുകകൾ ജി.ഒ. പ്രോജക്ടുകളായി സുലേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. ഗ്രാന്റ് വിനിയോഗപത്രികയുടെ വരവ് ഭാഗത്തും ടി വരവുകൾ ഉൾപ്പെട്ടിട്ടില്ല. ടി അപാകത നിലനിൽക്കെയാണ് അനുബന്ധം 2 ആയ ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 വാർഷിക പദ്ധതി വിശദാംശങ്ങൾ

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19/04/2022-ലെ ജി.ഒ.(എം.എസ്) 84/2022/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതി ആസൂത്രണത്തിന്റെ പ്രാഥമികഘട്ടമായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിച്ച് രൂപീകരിക്കുകയും വികസനരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തനഘട്ടം | തീയതി |
|---|---|
| ആസൂത്രണസമിതിയോഗം | 05.05.2022 |
| വർക്കിംഗ് ഗ്രൂപ്പ് യോഗം | 05.05.2022 |
| പദ്ധതി രൂപീകരണ ഗ്രാമസഭ | 14.05.2022-23.05.2022 |
| വികസനസെമിനാർ | 09.06.2022 |

വികസനസെമിനാറിൽ പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ചചെയ്യുകയും കരട് നിർദ്ദേശങ്ങൾ ക്രോഡീകരിക്കുയും ചെയ്തിട്ടുണ്ട്. വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ മേധാവികളുടേയും വിവിധ

നിർവ്വഹണോദ്യോഗസ്ഥരുടേയും യോഗം ചേർന്ന് വിവിധ വികസനമേഖലകളിലായി വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രോജക്ടുകൾ സംബന്ധിച്ചും സ്വീകരിക്കേണ്ട തുടർനടപടികൾ സംബന്ധിച്ചും ചർച്ചകൾ നടത്തുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തിട്ടുണ്ട്.പഞ്ചായത്തിന്റെ 2022-23 വാർഷികപദ്ധതിക്ക് വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 5,73,20,899/- രൂപ വകയിരുത്തിയിരുന്നു. സ്പിൽ ഓവർ ഉൾപ്പെടെ ആകെ 155 പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണസമിതിയുടെ തീയതിയിലെ നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചതിൽ 117 പ്രോജക്ടുകൾക്കുവേണ്ടി തൻവർഷം 2,64,34,603/- രൂപ ചെലവഴിച്ചിട്ടുണ്ട്.

വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രോജക്ടുകളുടെ ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 10 | 13,45,000/- | 8,71,000/- | 64.75% |
| വെറ്ററിനറി സർജൻ | 7 | 7 | 14,47,000/- | 9,97,000/- | 68.90% |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 10 | 10 | 21,26,977/- | 16,96,182/- | 79.74% |
| ഹെഡ് മാസ്റ്റർ | 5 | 5 | 4,20,857/- | 4,16,563/- | 98.97% |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | 2 | 2 | 5,60,000/- | 5,59,267/- | 99.87% |
| വി.ഇ.ഒ | 18 | 15 | 2,80,89,126/- | 85,49,214/- | 30.43% |
| സെക്രട്ടറി | 32 | 27 | 60,45,293/- | 45,21,875/- | 74.79% |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 08 | 38,24,058/- | 28,62,618/- | 74.86% |
| അസി.എഞ്ചിനീയർ | 57 | 30 | 1,19,82,588/- | 51,00,884/- | 42.56% |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 3 | 14,80,000/- | 8,60,000/- | 58.10% |
| ആകെ | 155/- | 117/- | 5,73,20,899/- | 2,64,34,603/- | 46.11% |

## 1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2022-23 വർഷം 95 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 13 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 167 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 162 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 151 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. ആകെ ചെലവ് 144.65 ലക്ഷം രൂപ. 33331 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 194 തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 106 അയൽക്കൂട്ടങ്ങളിൽ 78 എണ്ണം പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 618 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം, തുടങ്ങിയ പ്രവൃത്തികളും തൊഴുത്ത് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം, കോഴിക്കൂട് നിർമ്മാണം തുടങ്ങിയ ആസ്തിനിർമ്മാണ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. കാഷ് ബുക്ക് പ്രകാരമുള്ള 2022-23വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കാഷ് | 2000 | 619587 | 621587 | 619531 | 2056 |
| ഇ.എഫ്.എം.എസ് | 0 | 13846004 | 13846004 | 13846004 | 0 |
| ആകെ | 2000 | 14465591 | 14467591 | 14465535 | 2056 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവഴിച്ചതുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1130900 | 80 |
| വിധവാ പെൻഷൻ | 4198500 | 145 |
| വാർദ്ധക്യകാല പെൻഷൻ | 11536900 | 933 |
| വികലാംഗ പെൻഷൻ | 1539600 | 121 |
| അൻപത് വയസ്സ് കഴിഞ്ഞ അവിവാഹിതരുടെ പെൻഷൻ | 201600 | 16 |
| തൊഴിൽ രഹിത വേതനം | 10320 | 8 |
| വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധന സഹായം | 90000 | 3 |

## 1-8 ക്യാഷ്ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തലപ്പലം ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 25/11/2023-ന് 03:15 PM സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 3580/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണസംവിധാനം തൃപ്തികരമാണ്. ഓഡിറ്റ് വർഷം ILGMS സോഫ്റ്റ് വെയർ വഴിയാണ് സാമ്പത്തിക വിനിമയങ്ങൾ നടത്തിയിട്ടുള്ളത്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് | 27.06.2022 | 07/2021 – | 27/06/2022 |

| | | | |
|---|---|---|---|
| ഓഡിറ്റ് | | 12/2021 | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.12.2018-19.12.2018 | 2006-07മുതൽ 2017-18 വരെ | LBA(HQ)//8A-158/018 Dtd:21.01.2019 |

## 1-11 ഒക്യുപൻസി അനുവദിച്ച കെട്ടിടത്തിലെ അനധികൃത നിർമ്മാണം - നടപടി സ്വീകരിക്കേണ്ടതാണ്




തലപ്പലം വില്ലേജിൽ സർവേ നമ്പർ 102/4,5,6, 530/7-4,530/7-5 ലുള്ള 5.96 ആർ വിസ്തീർണ്ണമുള്ള പ്ലോട്ടിൽ 437.25 ച.മീ. വിസ്തീർണമുള്ള 2 നില വാണിജ്യ കെട്ടിടം പണിയുന്നതിനായി സ്ഥല ഉടമയായ ശ്രീ. സലിൽ കെ ഇ, പേരകത്തുശ്ശേരിയിൽ, നടക്കൽ എന്നയാൾക്ക് 15.01.2020 ൽ A5-81/2020 നമ്പറായി കെട്ടിട നിർമ്മാണ അനുമതി നൽകിയിരുന്നു. ആയത് കൂടാതെ ടി കെട്ടിടത്തിന് മുകളിൽ ഒരു നില കൂടി പാർപ്പിടാവശ്യത്തിനായി പണിയുന്നതിനായി പെർമിറ്റഡ് ഏരിയ കൂടി ചേർത്ത് ആകെ 790.54 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടത്തിനായി 24.03.2021 തീയതിയിൽ A5-BA(170369)/2021 നമ്പറായി പെർമിറ്റ് റിവൈസ് ചെയ്ത് അനുവദിച്ചിട്ടുള്ളതുമാണ്. നിർമ്മാണം പൂർത്തിയായതിനെത്തുടർന്ന് നമ്പറിങ്ങിനായി ഉടമ അപേക്ഷ സമർപ്പിക്കുകയും (ഫയൽ നമ്പർ : എസ്.സി 2-876/22) കംപ്ലീഷൻ പ്ലാനിന്റെ അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തി 08.02.2022 തീയതിയിൽ മേൽ കെട്ടിടത്തിന് ഒക്യുപ്പൻസി അനുവദിച്ച് 8/4 F, G, H, I, J, K, L, M എന്നീ കെട്ടിടനമ്പറുകൾ നൽകുകയും ചെയ്തിട്ടുണ്ട്. പെർമിറ്റ്, കംപ്ലീഷൻ പ്ലാൻ എന്നിവ പ്രകാരമുള്ള കെട്ടിടത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നില | പെർമിറ്റ് പ്രകാരം | | കംപ്ലീഷൻ പ്ലാൻ പ്രകാരം | |
|---|---|---|---|---|
| | വിസ്തീർണ്ണം (ച.മീ.) | വിനിയോഗ ഗണം | വിസ്തീർണ്ണം (ച.മീ.) | വിനിയോഗ ഗണം |
| ഗ്രൗണ്ട് ഫ്ലോർ | 307.97 | വാണിജ്യാവശ്യം | 146.75* | വാണിജ്യാവശ്യം |
| ഫസ്റ്റ് ഫ്ലോർ | 303.87 | വാണിജ്യാവശ്യം | 303.87 | വാണിജ്യാവശ്യം |
| സെക്കൻഡ് ഫ്ലോർ | 178.70 | വാണിജ്യാവശ്യം | 178.70 | പാർപ്പിടാവശ്യം (ലോഡ്ജ് ) |
| ആകെ | 790.54 | | 629.32 | |

*ഗ്രൗണ്ട് ഫ്ലോറിൽ 161.22 ച.മീ വിസ്തീർണ്ണമുള്ള ഭാഗം കംപ്ലീഷൻ പ്ലാൻ പ്രകാരം പാർക്കിങ്ങിനായി

നീക്കി വച്ചിരിക്കുകയാണ്.

മേൽ കെട്ടിടത്തിന്റെ നിർമ്മാണ പെർമിറ്റ്, പെർമിറ്റിനായി സമർപ്പിച്ച പ്ലാൻ, കംപ്ലീഷൻ പ്ലാൻ എന്നിവ പരിശോധിച്ചതിന്റെയും കെട്ടിടത്തിൽ ഭൗതിക പരിശോധന നടത്തിയതിന്റെയും അടിസ്ഥാനത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.



**1. ഒക്യുപൻസി ലഭിച്ചതിന് ശേഷം പാർക്കിംഗ് സ്ഥലം കെട്ടി അടച്ച് കടമുറിയാക്കി മാറ്റി**

ഓഡിറ്റ് നടത്തിയ ഭൗതികപരിശോധനയിൽ കെട്ടിടത്തിന്റെ പാർക്കിംഗിനായി കാണിച്ചിരുന്ന തറ നിരപ്പ് നിലയിലെ സ്ഥലം കെട്ടിയടച്ച് കടമുറിയായി മാറ്റിയിരിക്കുന്നതായി കണ്ടു. ടി കടമുറിയിൽ ' അജ്ഫാൻ ഡെയ്റ്റ്സ് ആൻഡ് നട്സ് ' എന്ന സ്ഥാപനം പ്രവർത്തിക്കുകയാണ്. കൂടാതെ ഗ്രൗണ്ട് ഫ്ലോറിൽ ഡ്രൈവ് വേ യുടെ വലതു ഭാഗത്തുള്ള പാർക്കിങ് സ്ഥലം കെട്ടി അടച്ച് കടമുറികളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനം നടന്നുവരികയുമാണ്.



**2. ഒക്യുപൻസി അനുവദിച്ച ശേഷം പെർമിറ്റില്ലാതെ നാലാം നില നിർമ്മാണം**

നിലവിൽ മൂന്ന് നില കെട്ടിടത്തിനാണ് ഒക്യുപ്പൻസി അനുവദിച്ചിട്ടുള്ളത്. എന്നാൽ ഭൗതിക പരിശോധന നടത്തിയപ്പോൾ കെട്ടിടത്തിന് തറ നിരപ്പ് നില ഉൾപ്പടെ 4 നിലകൾ ഉള്ളതായി കണ്ടു. മുകൾ നില അലുമിനിയം ട്രാഫോർഡ് ഷീറ്റ്



ഉപയോഗിച്ച് റൂഫ് ചെയ്തിട്ടുള്ളതും നിലവിൽ ടി ഫ്ലോറിന്റെ വശങ്ങൾ കട്ട ഉപയോഗിച്ച് കെട്ടി അടച്ചുകൊണ്ടുള്ള നിർമ്മാണം നടന്നുവരുകയുമാണ്. നിലവിലുള്ള അനധികൃത നിർമ്മാണങ്ങൾ കൂടി കണക്കിലെടുത്താൽ ടി കെട്ടിടത്തിന് 1200 ച.മീറ്ററോളം

ബിൽറ്റപ്പ് ഏരിയ ഉണ്ട്. ചട്ടം 5(4) ക്രമ നം.12 (l) പ്രകാരം എ2, എഫ് ഗണങ്ങളിൽ ഉൾപ്പെടുന്ന 1200 ച.മീറ്ററിലധികം നിർമ്മിത വിസ്തൃതിയുള്ള എല്ലാ കെട്ടിടങ്ങൾക്കും ഫയർ ആൻഡ് റെസ്ക്യൂ ഡിപ്പാർട്ട്മെന്റിൽ നിന്നുമുള്ള സമ്മത പത്രം ആവശ്യമാണ്. പഞ്ചായത്തിൽ നിന്നുമുള്ള കെട്ടിട നിർമ്മാണ അനുമതി, ഫയർ ആൻഡ് റെസ്ക്യൂ ഡിപ്പാർട്ട്മെന്റിൽ നിന്നുമുള്ള സമ്മത പത്രം എന്നിവ ഇല്ലാതെയാണ് ടി അനധികൃത നിർമ്മാണം നടക്കുന്നത് .

**3. സെക്കൻഡ് ഫ്ലോറിൽ ഓപ്പൺ ടെറസായി കാണിച്ചിട്ടുള്ള ഭാഗം അനധികൃതമായി അടച്ചെടുത്തു**

കംപ്ലീഷൻ പ്ലാൻ പ്രകാരം 178.70 ച.മീ. വിസ്തീർണ്ണമുള്ള സെക്കൻഡ് ഫ്ലോറിൽ നാല് ബാത്ത് അറ്റാച്ച്ഡ് റൂമുകളാണ് ഉള്ളത്. ടി മുറികൾക്ക് സഞ്ചയ പ്രകാരം 'ലോഡ്ജ്' ഉപയോഗക്രമത്തിലാണ് നികുതി നിശ്ചയിച്ചിട്ടുള്ളത്. ബാക്കി ഭാഗം ഓപ്പൺ ടെറസായാണ് (ഏകദേശം 125.17 ച.മീ.) പ്ലാനിൽ കാണിച്ചിരുന്നത് . എന്നാൽ നിലവിൽ ടി ഭാഗം കൂടി അടവാക്കി മുറികളാക്കി മാറ്റിയിരിക്കുന്നതായാണ് കാണുന്നത്. കൂടാതെ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാനിൽ ചേർത്തിട്ടുള്ള വരാന്ത ഭാഗവും അനധികൃതമായി കെട്ടിയടച്ച് മുറികളോട് ചേർത്തിരിക്കുകയാണ് .

**4. ഭിന്നശേഷിക്കാർക്കുള്ള റാമ്പ് സ്ഥാപിച്ചിട്ടില്ല**

നമ്പറിങ്ങിനായി സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ തറനിരപ്പ് നിലയിൽ പാർക്കിങ്ങിനായി മാർക്ക് ചെയ്തിട്ടുള്ള സ്ഥലത്ത് വലത് ഭാഗത്തായി ഭിന്നശേഷിക്കാർക്കായുള്ള റാമ്പ് കാണിച്ചിരുന്നു. എന്നാൽ ഭൗതിക പരിശോധനയിൽ റാമ്പ് നിർമ്മിച്ചിരിക്കുന്ന ഭാഗം നിലവിലുള്ളതായി കാണുന്നില്ല. ഭിന്നശേഷിക്കാർ, മുതിർന്ന പൗരൻമാർ, കുട്ടികൾ എന്നിവർക്ക് സൗകര്യപ്രദമായി പ്രവേശിക്കുന്നതിന് ചട്ടം 42(2) പ്രകാരം കെട്ടിടത്തിന്റെ മെയിൻ എൻട്രൻസിലേക്ക് നിർമ്മിക്കേണ്ട റാമ്പ് ഇല്ലാതെയാണ് കെട്ടിടത്തിന് ഒക്കുപ്പൻസി അനുവദിച്ചിട്ടുള്ളത്.

**5. നിയമപ്രകാരം ആവശ്യമായ പാർക്കിങ് സൗകര്യമില്ല**

കെട്ടിടത്തിൽ നടത്തിയിട്ടുള്ള അനധികൃത നിർമ്മാണങ്ങൾ കൂടി പരിഗണിക്കുമ്പോൾ നിലവിൽ കെട്ടിടത്തിന് ഏകദേശം 1200 ച.മീറ്ററോളം വിസ്തീർണ്ണമുണ്ട് (ഫ്ലോർ ഏരിയ). കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ ചട്ടങ്ങൾ) 2019 ചട്ടം 29 പട്ടിക 10(1)(6) പ്രകാരം എ2, എഫ് ഗണങ്ങളിലുള്ള (ലോഡ്ജിങ് ഹൗസുകളും സ്പെഷ്യൽ റെസിഡെൻഷ്യലുകളും, വ്യാപാരം/വാണിജ്യം) ഒക്യുപ്പൻസിയിൽ വരുന്ന കെട്ടിടങ്ങൾക്ക് ഓരോ 90 ച.മീ. ഫ്ലോർ ഏരിയയ്ക്കും അതിന്റെ ഭാഗത്തിനും ഒന്നു വീതം കാർ പാർക്കിംഗ് സൗകര്യം ആവശ്യമാണ്. അപ്രകാരം കണക്കാക്കുമ്പോൾ 1200 ച.മീ. ഫ്ലോർ ഏരിയയുള്ള വാണിജ്യ കെട്ടിട ഭാഗത്തിന് ഡിസേബിൾഡ് വാഹന പാർക്കിങ് ഉൾപ്പടെ 14 കാറുകൾക്കെങ്കിലുമുള്ള (1200/ 90 = 13.33 ) പാർക്കിംഗ് സൗകര്യം ആവശ്യമാണ്. അതായത് 210 ച.മീ. ഏരിയായെങ്കിലും (14 X 15 = 210) കാർ പാർക്കിങ്ങിനായി നീക്കി വയ്ക്കേണ്ടതുണ്ട്. പാർക്കിംഗ് പ്ലാനിൽ 8 കാറുകൾക്കുള്ള പാർക്കിംഗ് സൗകര്യം കാണിച്ചിരുന്നെങ്കിലും ആയതിൽ ഗ്രൗണ്ട് ഫ്ലോറിൽ 4 കാറുകൾക്കുള്ള പാർക്കിങ്ങിനായി കാണിച്ചിരുന്ന ഭാഗം കടമുറികളാക്കി മാറ്റിയിരിക്കുകയാണ്. കെട്ടിടത്തിന്റെ മുൻ ഭാഗത്തുള്ള പാർക്കിങ്ങ് നിയമാനുസൃതം ഒഴിച്ചിടേണ്ട സെറ്റ് ബാക്ക് കൂടി ചേർത്താണ് കാണിച്ചിട്ടുള്ളത്. 3 മീറ്റർ സെറ്റ് ബാക്ക് ഉൾപ്പടെ ആകെ 4.20 മീറ്റർ മാത്രമാണ് കെട്ടിടത്തിന്റെ മുൻഭാഗത്തുള്ള തുറസ്സായ സ്ഥലത്തിന്റെ വീതി. ആയതിൽ .60 മീറ്റർ ഭാഗത്ത് കെട്ടിടത്തിൽ നിന്നും ഇറങ്ങുന്നതിനായി സ്റ്റെപ്പ് നിർമ്മിച്ചിരിക്കുകയുമാണ്. വാഹന പാർക്കിങ്ങിനായി ഉപയോഗിക്കാനാവുന്ന തുറസ്സായ സ്ഥലത്തിന്റെ വീതി 3.60 മീറ്റർ (4.20 - .60) മാത്രമാണ്. കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള തുറസ്സായ സ്ഥലത്തിന്റെ നീളം ഏകദേശം 27.26 മീറ്ററാണ്. തുറസ്സായ സ്ഥലത്തിന് മതിയായ വാഹന പ്രവേശന മാർഗ്ഗവും വാഹനം തിരിക്കുന്നതിനുള്ള സൗകര്യവും ഉണ്ടെങ്കിൽ നിർബന്ധമായും ഉണ്ടാകേണ്ട തുറസ്സായ സ്ഥലത്തിന്റെ 50% വരെ മാത്രം ആവശ്യമായ പാർക്കിംഗ് സ്ഥലമായി കണക്കാക്കാനാണ് ചട്ടം അനുവദിച്ചിട്ടുള്ളത്. ചട്ട പ്രകാരം 3 മീറ്റർ സെറ്റ് ബാക്കിന്റെ പകുതി വീതിയായ 1.50 മീറ്ററും പാർക്കിങ്ങിനായി അധികമായി നൽകിയ 1.20 മീറ്ററിൽ സ്റ്റെപ്പ് നിർമ്മിക്കുന്നതിനായി ഉപയോഗിച്ച .60 മീറ്റർ കുറച്ച് ബാക്കി .60 മീറ്ററും ഉൾപ്പടെ ആകെ 2.10 മീ. വീതി മാത്രമാണ് പാർക്കിങ്ങിനായി ഉപയോഗിക്കാവുന്നത് . അപ്രകാരം

കണക്കാക്കുമ്പോൾ കെട്ടിടത്തിന്റെ മുൻഭാഗത്ത് ഏകദേശം 57.25 ച.മീ. (27.26 X 2.10 = 57.25) സ്ഥലം മാത്രമാണ് പാർക്കിംഗിന് (4 കാറുകൾ) അനുവദനീയമായിട്ടുള്ളത്. കാർ പാർക്ക് ചെയ്യുന്നതിനുള്ള സ്ഥലത്തിന്റെ നാലിലൊന്ന് ഏരിയ എങ്കിലും ഇരുചക്ര വാഹന പാർക്കിങ്ങിനായി മാറ്റിവയ്ക്കേണ്ടതുണ്ട്. അതിൻപ്രകാരം മേൽ കെട്ടിടത്തിന് ഇരുചക്ര വാഹന പാർക്കിങ്ങിനായി 52.5 ച.മീ. ഏരിയ (210 X 25/100) നീക്കി വയ്ക്കേണ്ടതാണ്. എന്നാൽ കംപ്ലീഷൻ പ്ലാനിൽ ആയത് 31.20 ച.മീ. മാത്രമാണ്.

**6. പഞ്ചായത്ത് ഓഫീസിന് സമീപം അനധികൃത നിർമ്മാണം – സ്റ്റോപ്പ് മെമ്മോ നൽകിയില്ല**

കേരള പഞ്ചായത്ത് കെട്ടിടനികുതി ചട്ടങ്ങൾ 2019, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നുള്ള അനുമതി കൂടാതെ കെട്ടിടം നിർമ്മിക്കുകയോ, കൂട്ടിച്ചേർക്കുകയോ ചെയ്യുവാൻ പാടില്ല. പഞ്ചായത്ത് കെട്ടിടത്തിൽ നിന്നും അധികം ദൂരെയല്ലാതെ സ്ഥിതി ചെയ്യുന്ന മേൽ കെട്ടിടത്തിന്റെ നാലാം നിലയിൽ പെർമിറ്റില്ലാതെ അനധികൃത നിർമ്മാണം നടന്നിട്ടും ആയത് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുകയോ സ്റ്റോപ്പ് മെമ്മോ നൽകുകയോ ചെയ്തിട്ടില്ല . മേൽ ചട്ടങ്ങളിലെ ചട്ടം 91 പ്രകാരം പഞ്ചായത്ത് സെക്രട്ടറിക്ക് അദ്ദേഹത്തിന്റെ അധികാര പരിധിയിലുള്ള ഏതൊരു നിർമ്മാണവും ഏത് ഘട്ടത്തിലും പരിശോധിക്കുവാനും ചട്ടലംഘനങ്ങൾ കണ്ടെത്തിയാൽ ഒരു ഉത്തരവ് പ്രകാരം ആയവ ഉടൻതന്നെ നിർത്തിവയ്ക്കുവാൻ ആവശ്യപ്പെടാവുന്നതുമാണ് .

മേൽ സംഗതികളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.16/30.11.2023) മറുപടിയായി അനധികൃത നിർമ്മാണം നേരിട്ടുള്ള പരിശോധനയിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി നിർമ്മാണം നിർത്തിവയ്ക്കുന്നതിനായി കെട്ടിട ഉടമയ്ക്ക് താൽക്കാലിക ഉത്തരവ് നൽകിയിട്ടുണ്ടെന്നും ചട്ടപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സാങ്കേതിക വിഭാഗം അസിസ്റ്റന്റ് എൻജിനീയറുടെ പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് 08.02.2022 തീയതിയിൽ മേൽ കെട്ടിടത്തിന്റെ മൂന്ന് നിലകൾക്ക് ഒക്യൂപൻസി അനുവദിച്ചിട്ടുള്ളത്. ഭൗതിക പരിശോധന നടത്തിയപ്പോൾ കെട്ടിട നമ്പർ അനുവദിച്ച മുറികളിലും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നതായാണ് കണ്ടത്. നിർമ്മാണം പൂർത്തിയാകാത്ത കെട്ടിടത്തിന് ഒക്യൂപൻസി അനുവദിച്ച സാഹചര്യം വ്യക്തമല്ല. മേൽ വിഷയം സംബന്ധിച്ച് ഭരണസമിതി തലത്തിൽ പരിശോധന നടത്തി തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-12 ഒരേ കെട്ടിടത്തിന്റെ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം**

പഞ്ചായത്തിലെ സഞ്ചയ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഒരേ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഓരോ ഭാഗത്തിനും വിവിധ നമ്പറുകൾ നല്കി, ഒരു ച.മീറ്ററിന് 40 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിലെ വിജ്ഞാപന പ്രകാരം 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കടമുറികൾക്ക് 60/- രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. വസ്തുനികുതി ഇപ്രകാരം കണക്കാക്കിയതു മൂലം നഷ്ടം വന്നതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമ | കെട്ടിട നമ്പർ/ | വില്ലജ്/ സർവ്വേ | നിർണ്ണയിക്കേണ്ട വസ്തു നികുതി (60 രൂപ/ ച.മി) | നിർണ്ണ യിച്ച | കുറവ് (സെസ്, |
|---|---|---|---|---|---|

| | വിസ്തീർണ്ണം (ച.മീ) | നം. | അടിസ്ഥാന വസ്തു നികുതി (രൂപ) | വർദ്ധനവ് (വഴി സൗകര്യം-20%) | കുറവ് (കുറഞ്ഞതരം മേൽക്കൂര-10%) | ആകെ | വസ്തു നികുതി | സർവ്വീസ് ചാർജ്ജ് ഉൾപ്പെടുത്താതെ) |
|---|---|---|---|---|---|---|---|---|
| ഇബ്രാഹിം കണ്ടത്തിൽ | 12/127 D,D1,E,E1,F,F1 120.16 ച.മീ | തലപ്പലം, 108/22 | 7209 | 1442 | - | 8651 | 5604 | 3047 |

വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23/30.11.2023) അപാകത പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പരാമർശിത കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരമറിയിക്കേണ്ടതാണ്. ഇത്തരം അപാകതകൾ മറ്റ് കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ സംഭവിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

**1-13 മൊബൈൽ ടവറിന്റെ ക്രമവത്ക്കരണ ഫീസ് ഈടാക്കിയതിൽ കുറവ്**

ഗ്രാമപഞ്ചായത്ത് പരിധിയിൽ പെർമിറ്റ് എടുക്കാതെ നിർമ്മാണം പൂർത്തിയാക്കിയ ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് കമ്പനിയുടെ മൊബൈൽ ടവർ ക്രമവത്ക്കരിച്ച് കെട്ടിട നമ്പർ അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ക്രമവത്ക്കരണ ഫീസ് കണക്കാക്കിയത് കൃത്യമായല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, വങ്കാരത്ത് ബിൽഡിങ്, പാലാരിവട്ടം എന്ന കമ്പനിയുടെ ഉടമസ്ഥതയിൽ ഈരാറ്റുപേട്ട വില്ലേജിൽ സർവ്വേ നം. 509 - ലുള്ള 147 ആർ 60 ച.മീ. പ്ലോട്ടിൽ ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് പെർമിറ്റ് എടുക്കാതെ നിർമ്മിച്ച മൊബൈൽ ടവർ റഗുലറൈസ് ചെയ്ത് നമ്പർ അനുവദിക്കുന്നതിന് 27.05.22-ൽ അപേക്ഷ സമർപ്പിച്ചിരുന്നു. സാങ്കേതിക വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ 01.07.22, 02.05.23 എന്നീ തീയതികളിലെ പരിശോധനാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ക്രമവത്ക്കരണം അനുവദിച്ച് ടവറിന് 5/217 F എന്ന നമ്പരും അനുവദിച്ചിട്ടുണ്ട്. ടവറിന്റെ വിസ്തീർണ്ണം 19.36 ച.മീറ്ററാണ്. ടവറിന്റെ ക്രമവത്ക്കരണ ഫീസായി 20000 രൂപയാണ് (2x10000) ഈടാക്കിയിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ) ചട്ടങ്ങൾ 2019 ചട്ടം 87(6)(a), (B) എന്നിവ പ്രകാരം ടവറിന് 10000 രൂപയും ഇൗൺ ഘടനകളുടെ ഒരു യൂണിറ്റിന് 2500 രൂപയുമാണ് പെർമിറ്റ് ഫീസ്. ടവറിന്റെ ക്രമവത്ക്കരണം അനുവദിച്ചപ്പോൾ പെർമിറ്റ് ഫീസിന്റെ ഇരട്ടി തുകയായ 25000 രൂപയാണ് (2x(10000+2500)) ഫീസായി ഈടാക്കേണ്ടിയിരുന്നത്. എന്നാൽ നിലവിൽ ക്രമവൽക്കരണ ഫീസായി 20000/- രൂപ (രസീത് നമ്പർ 1230100551/27.07.2023) മാത്രമാണ് ഈടാക്കിയിട്ടുള്ളത്.

മൊബൈൽ ടവറിന്റെ ക്രമവത്ക്കരണ ഫീസ് ഈടാക്കിയതിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (07/30.11.23) കെ പി ബി ആർ 2019 ചട്ടങ്ങൾ, 83 മുതൽ 87 വരെയുള്ള ചട്ടത്തിൽ "വാർത്താ വിനിമയ ഗോപുരം അല്ലെങ്കിൽ ഇൗൺ പണിപ്പാടുകൾ എന്ന് വായിക്കുമ്പോൾ രണ്ടായിട്ടാണ് ആയത് പരിഗണിക്കേണ്ടത്" എന്നതിനാലാണ് ഫീസ് ഈടാക്കാതിരുന്നത് എന്ന് മറുപടി ലഭ്യമാക്കി. ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ഫീസ് കണക്കാക്കിയതിലെ അപാകതകൾ പരിഹരിച്ച്, കുറവ് വന്ന തുക ഈടാക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-14 വാണിജ്യ - പാർപ്പിട കെട്ടിടത്തിൽ അധിക റൂഫിങ് - പെർമിറ്റ് ഫീ, വസ്തുനികുതി ഈടാക്കിയില്ല**

തലപ്പലം വില്ലേജിൽ സർവേ നമ്പർ 476/4-2 ലുള്ള 670 ച.മീ. പുരയിടത്തിൽ 549.71 ച.മീ. വിസ്തീർണ്ണമുള്ള രണ്ട് നിലകളുള്ള വാണിജ്യ - പാർപ്പിട ആവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥല ഉടമയായ ശ്രീ. അനീഷ് എൻ മാത്യു, നെടിയകാലായിൽ, പൂഞ്ഞാർ തെക്കേക്കര എന്നയാൾക്ക് 03.02.2021 തീയതിയിൽ A5-BA(25895)/2021 നമ്പറായി കെട്ടിട നിർമ്മാണ അനുമതി നൽകിയിരുന്നു.

കെട്ടിട നിർമ്മാണം പൂർത്തിയായതിനെത്തുടർന്ന് നമ്പറിങ്ങിനായി ഉടമ അപേക്ഷ സമർപ്പിക്കുകയും (ഫയൽ നമ്പർ എ5 - 117/2021 തീ: 12.01.2021) കംപ്ലീഷൻ പ്ലാനിന്റെ അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തി 22.02.2022 ൽ മേൽ കെട്ടിടത്തിന് ഒക്കുപ്പൻസി അനുവദിച്ച് 8/125 A മുതൽ E വരെ കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ട്. പെർമിറ്റ് പ്രകാരമുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നില | ബിൽറ്റ് അപ് ഏരിയ (ച.മീ.) | ഫ്ലോർ ഏരിയ (ച.മീ.) |
|---|---|---|
| തറനിരപ്പ് നില | 250.88 | 250.88 |
| ഒന്നാം നില | 288.60 | 270.48 |
| സ്റ്റെയർ കാബിൻ | 13.65 | 13.65 |
| ആകെ | 553.13 | 535.01 |

അപേക്ഷകൻ നമ്പറിങ്ങിനായി സമർപ്പിച്ച കംപ്ലീഷൻ പ്ലാനിൽ രണ്ട് നിലകളും സ്റ്റെയർ റൂമും ആണ് ഉണ്ടായിരുന്നത് . കെട്ടിട നമ്പർ അനുവദിച്ച ശേഷം ഫസ്റ്റ് ഫ്ലോറിലെ ഓപ്പൺ ടെറസ് ഭാഗത്ത് ഷീറ്റ് മേൽക്കൂര നിർമ്മിച്ചിട്ടുണ്ട്. ആയത് ടെറസ് ഭാഗം മുഴുവനായി കവർ ചെയ്തിട്ടുള്ളതിനാൽ ഏകദേശം ഫസ്റ്റ് ഫ്ലോറിന്റെ അത്രയും വിസ്തീർണ്ണം (288.60 M2) ഉള്ളതായി കാണുന്നു. ടി ഭാഗത്തിന് പെർമിറ്റ് ഫീ, വസ്തു നികുതി എന്നിവ നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല. ടി നിർമ്മിതി ക്രമവൽക്കരിക്കേണ്ടതുമുണ്ട്. കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ ചട്ടങ്ങൾ) 2019, ചട്ടം 74(6) പ്രകാരം മൂന്നു നിലകൾ വരെയുള്ളതും 10 മീറ്ററിൽ കൂടുതൽ ഉയരമില്ലാത്തതുമായ ഏകകുടുംബ വാസഗൃഹങ്ങൾ ഒഴികെയുള്ള മറ്റെല്ലാ ഒക്യുപ്പൻസിയ്ക്ക് കീഴിലുള്ള കെട്ടിടങ്ങളുടെ ടെറസ്സിലുള്ള അധിക ഷീറ്റ്/ഓട് മേൽക്കൂര നിർമ്മാണം മറ്റൊരു നിലയായി പരിഗണിക്കേണ്ടതും ഈ ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ നിർബന്ധിത ആവശ്യകതകളും കണക്കാക്കുന്നതിനായി ഉൾപ്പെടുത്തേണ്ടതുമാണ്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 20/30.11.2023) മറുപടിയായി ടെറസ് ഏരിയ ക്രമവൽക്കരിക്കുന്നതിനും നികുതി പുനർ നിശ്ചയിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-15 ഒക്യുപൻസി ലഭിച്ചതിന് ശേഷം അനധികൃത നിർമ്മാണം വ്യാപകം-പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തുന്നില്ല**

പഞ്ചായത്തിൽ നിന്നും ഒക്യുപ്പൻസി ലഭിച്ചതിനു ശേഷം കെട്ടിടങ്ങളിൽ വ്യാപകമായ അനധികൃത നിർമ്മാണം നടത്തുന്നുണ്ട്. കെട്ടിടങ്ങളിൽ അനധികൃതമായ കൂട്ടിച്ചേർക്കലുകൾ വരുത്തുക, പാർക്കിംഗ് സ്ഥലങ്ങൾ കെട്ടി അടച്ച് കടമുറികളാക്കുക, കെട്ടിടത്തിന് ചുറ്റും നിയമാനുസൃതം ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലങ്ങളിൽ നിർമ്മാണങ്ങൾ നടത്തുക എന്നിവയാണ് കൂടുതലായി കണ്ടുവരുന്നത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിലുള്ള സ്ഥലങ്ങളിൽ നിർമ്മിക്കുന്ന വാണിജ്യമോ വാസഗൃഹമോ എപ്രകാരമുള്ള കെട്ടിടങ്ങളുടേതായാലും അവയ്ക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലം മുൻകൂർ അനുമതിയില്ലാതെ അനധികൃതമായി കെട്ടിയടച്ച് ഷെഡ്ഡോ, മറ്റ് നിർമ്മാണങ്ങളോ നടത്തുന്നത് തദ്ദേശസ്ഥാപന സെക്രട്ടറിമാർ കർശനമായി വീക്ഷിക്കേണ്ടതാണെന്നും അത്തരം നിർമ്മാണങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്നും 20.06.2022-ലെ ആർ.ബി.3/178/2020/തസ്വഭവ നമ്പർ സർക്കുലറിലൂടെ സർക്കാർ നിഷ്കർച്ചിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശം ഗൗരവത്തിലെടുത്തുള്ള യാതൊരു നടപടികളും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഒക്യുപ്പൻസി അനുവദിച്ചതിന് ശേഷമുള്ള ഇത്തരം അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനാണ് കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുള്ളത്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50 ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച്

രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റുകൾ നടത്തുന്നില്ല. തൻമൂലം അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നിയമ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കാതെ വരുന്നു. പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റുകൾ നടത്തുന്നതിനും അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കുന്നതും കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയില്ല

2022-23 വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്ന വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്ന് കാണുന്നു. പഞ്ചായത്തിലെ സ്ഥാപനങ്ങളുടെ ലിസ്റ്റ്, ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാർ ജോലിചെയ്യുന്ന സ്ഥാപനം | 2022-23 നികുതി ഒടുക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | കള്ള് ഷാപ്പുകൾ (കളത്തുക്കടവ്, കാളകെട്ടി, പൂവത്താനി) | 1, 2 |
| 2 | ഈരാറ്റുപേട്ട ബ്ലോക്ക് റേഞ്ച് ഓഫീസ് | 1, 2 |
| 3 | അൽഫോൻസാ ഹോളോ ബ്രിക്സ് | 1, 2 |

ജീവനക്കാരുടെ തൊഴിൽ നികുതി ഗ്രാമപഞ്ചായത്തിന് അതാത് സാമ്പത്തിക വർഷത്തെ വരുമാനം ആയതിനാൽ സമയബന്ധിതമായി നികുതി വരുമാനം ഒടുക്കാതിരിക്കുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയെത്തുടർന്ന് (നം.19/30.11.2023) ഒരു സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽനികുതി അടവാക്കിയിട്ടുണ്ട്. തൊഴിൽനികുതി ഒടുക്കാത്ത മേൽ പ്രസ്താവിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 സ്വകാര്യ സ്ഥാപനങ്ങൾ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല

പഞ്ചായത്ത് പരിധിയിലുള്ള തടി മില്ലുകൾ, കെട്ടിട നിർമ്മാണ പ്ലാൻ ഏജൻസികൾ, സർവീസ് സ്റ്റേഷനുകൾ, പെട്രോൾ പമ്പുകൾ, റസ്റ്റോറന്റുകൾ തുടങ്ങിയ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് 2022-23 വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. സ്ഥാപനങ്ങളുടെ പേരുവിവരവും വിശദാംശവും താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം/ ഉടമ | കെട്ടിട നം. |
|---|---|---|
| 1 | വി എം തരിയത്ത് ആൻഡ് കമ്പനി<br>മാത്യു ജോസ് | 4/190A |
| 2 | പി ആർ ബി ടിംബർ ഡിപ്പോ<br>പി ബി സതീഷ്കുമാർ | 10/319 |
| 3 | റോയൽ ഡിസൈനർ ടൈൽസ്<br>സിജു ഫിലിപ്പ് | 12/126 |
| 4 | അൽഫോൻസാ ഹോളോ ബ്രിക്സ്<br>കെ എ ഷാജി | 7/437 |

| | | |
|---|---|---|
| 5 | സെന്റ് മേരീസ് ഇൻഡസ്ട്രീസ്<br>എ വി ജോസഫ് | 8/155 |
| 6 | ടി എസ് എം മെറ്റൽസ്<br>മുഹമ്മദ് മുനാസ് | 4/190B |
| 7 | അമ്മൂസ്<br>ലീല വിജയൻ | 6/190 |
| 8 | കല്ലംതലക്കൽ ഫ്യൂവൽസ്<br>ബിനോയ് ജോസഫ് | 10/9 |
| 9 | മണ്ണൂരെട്ടോന്നിൽ ഫ്യൂവൽസ്<br>സന്തോഷ് എം ഫിലിപ് | 8/4A |
| 10 | ഭാരത് ഹയറിങ് എക്വിപ്മെന്റ്സ്<br>സുനിൽകുമാർ | 3/103 |
| 11 | അജവാ ഫുഡ് പാർക്ക്<br>ഷിഹാബുദീൻ വി ഐ | 7/351B |
| 12 | വസ്ത്ര ടെയിലറിങ് ആൻഡ് ബ്യൂട്ടിക്ക്<br>മിനി ജയൻ | 9/279 |
| 13 | ഹന ക്രിയേഷൻസ്<br>ബിസ്മി പി കെ | 5/72B |
| 14 | കെ കെ എഫ് എം ഇന്ത്യ പ്രൈ. ലിമിറ്റഡ്<br>മുഹമ്മദ് യാസിർ | 4/153C |
| 15 | ഹോട്ടൽ ഫുഡ്ലാൻഡ്<br>ജോമി ജെയിംസ് | 4/85F |
| 16 | പി ആൻഡ് ഡി ട്രേഡേഴ്സ്<br>പ്രശാന്ത് പി ജോസഫ് | 7/448 R4 |

2022-23 വർഷം സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് സ്ഥാപനത്തിന്റെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാതിരുന്നത് പഞ്ചായത്തിന്റെ നികുതി വരുമാനത്തിൽ കുറവുണ്ടാക്കിയിട്ടുണ്ട്. തൊഴിൽ നികുതി ഡിമാന്റിലെ മേൽപറഞ്ഞ അപാകതയ്ക്കും നികുതി വരുമാന ചോർച്ചയ്ക്കും ഇടയാക്കിയതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.17/2022-23/30.11.2023) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിലെ 13 വാർഡുകളിലും ഫീൽഡ് പരിശോധനയിലൂടെയും വസ്തുനികുതി ഡേറ്റാബേസിന്റെ സഹായത്തോടെയും പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങളിലുള്ള തൊഴിൽ നികുതി ബാധകമായ എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-18 ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു**

സഞ്ചയ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് പഞ്ചായത്ത് പരിധിയിലെ വിവിധ കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ചതിൽ ലൈവ് സ്റ്റോക്ക് ഫാം രജിസ്ട്രേഷൻ എടുക്കാതെ ചുവടെ ചേർത്തിട്ടുള്ള ഫാമുകൾ 2022-23 വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിട്ടുള്ളതായി കാണുന്നു.

| ക്രമ നം. | ഉടമ | കെട്ടിട നം. | ഉപയോഗ ക്രമം |
|---|---|---|---|
| 1 | അജിത്ത് അബ്രാഹം | 13/108 | കോഴി വളർത്തൽ ഷെഡ് |

| | | | |
|---|---|---|---|
| 2 | തൊമ്മൻ സ്കറിയ | 1/39A | കോഴി വളർത്തൽ ഷെഡ് |
| 3 | ഔസേഫ് അവിര | 12/177 A | ലൈവ് സ്റ്റോക്ക് ഷെഡ് |
| 4 | റോയ് മാത്യു കുടക്കച്ചിറ | 2/233A | കോഴി വളർത്തൽ ഷെഡ് |
| 5 | ഇന്ദിര ഗോപി | 12/36 B | കോഴി വളർത്തൽ ഷെഡ് |
| 6 | ഓമന സുരേന്ദ്രൻ | 2/238 | കോഴി വളർത്തൽ ഷെഡ് |
| 7 | ഡൊമിനിക് ചിറയത്ത് | 2/113 | കോഴി വളർത്തൽ ഷെഡ് |
| 8 | പി കെ ജോർജ് അധികാരം | 4/175 | ലൈവ് സ്റ്റോക്ക് ഷെഡ് |
| 9 | ജസ്റ്റിൻ സെബാസ്റ്റ്യൻ | 9/107A | കോഴി വളർത്തൽ ഷെഡ് |
| 10 | ടോമി തോമസ് | 1/199 | കോഴി വളർത്തൽ ഷെഡ് |
| 11 | ജോയ് മാത്യു | 1/237A | ലൈവ് സ്റ്റോക്ക് ഷെഡ് |

മേൽ പട്ടികയിലെ ഫാമുകൾ 2022-23 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/30.11.2023) മറുപടിയായി ക്രമ നം. 2 കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കോഴി ഫാമിന് 2022-23 വർഷത്തെ കുടിശിക സഹിതം ഈടാക്കി 2023-24 വർഷത്തേക്ക് ലൈസൻസ് പുതുക്കി നല്കിയിട്ടുള്ളതാണെന്ന് അറിയിച്ചു. മറ്റ് സ്ഥാപനങ്ങൾ ലൈസൻസോട് കൂടി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ലാബുകൾ മുതലായവയുടെ നടത്തിപ്പിന് പഞ്ചായത്തിൽ നിന്നുള്ള ലൈസൻസും 1997ലെ കേരള പഞ്ചായത്ത് രാജ് (പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം പ്രസ്തുത സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷനും നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച വരുന്ന പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഡീറ്റയിൽസ് രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ പ്രകാരം2022-23 വർഷത്തിൽ കുറച്ച് പാരാമെഡിക്കൽ സ്ഥാപനങ്ങൾ മാത്രമാണ് രജിസ്ട്രേഷൻ എടുത്തിട്ടുള്ളത്. ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ 2022-23വർഷം പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടില്ല.

| ക്രമ നം. | സ്ഥാപനം | ഉടമ |
|---|---|---|
| 1 | സെൻറ് മേരീസ് ഡയഗ്നോസ്റ്റിക് സെൻറർ പ്ലാശനാൽ | സുമി ടോം |

| | | |
|---|---|---|
| 2 | കെ എൻ ജെ തിരുമ്മുചികിത്സാലയം പ്ലാശനാൽ | - |
| 3 | അർജ്ജുന കളരി തിരുമ്മുകേന്ദ്രം തെള്ളിയാമറ്റം | - |
| 4 | വാചസ്പതീസ് ആയുർവേദ മർമ്മ ചികിത്സ കേന്ദ്രം കളത്തുക്കടവ് | ഡാനിഷ് ഡാനിയേൽ |

മുൻകൂർ രജിസ്റ്റർ ചെയ്യാതെ യാതൊരു പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിപ്പിക്കാൻ പാടില്ലായെന്ന് മേൽപ്പറഞ്ഞ ചട്ടങ്ങളിലെ ചട്ടം 3(1) – ൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. രജിസ്ട്രേഷനില്ലാതെയും നിയമവിരുദ്ധമായി പ്രവർത്തിക്കുകയും ചെയ്യുന്ന പ്രൈവറ്റ് ഹോസ്പിറ്റലുകൾ പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ചട്ടം 8 - പ്രകാരം 5000/- രൂപ വരെ പിഴ ഈടാക്കാവുന്നതും നിയമ വിരുദ്ധ പ്രവർത്തനങ്ങൾ തുടരുന്ന പക്ഷം ഓരോ ദിവസത്തേക്കും 500 രൂപ നിരക്കിൽ അധിക പിഴ ഈടാക്കാവുന്നതുമാണ്. പട്ടികയിൽ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ 2022-23 വർഷം പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് എൻക്വയറി നല്കിയെങ്കിലും (നം.18/30.11.2023) മറുപടി ലഭ്യമായില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-20 അധിക വിഭവ സമാഹരണം – അവലോകനം

തലപ്പലം ഗ്രാമപഞ്ചായത്തിന്റെ വരുമാനത്തിൽ മുഖ്യപങ്കുവഹിക്കുന്ന കെട്ടിടനികുതിയിൽ നിന്നും തൻവർഷം ലഭിച്ച വരുമാനം 4296094/- രൂപയാണ്. തൊഴിൽ നികുതി ഇനത്തിൽ 1534919/- രൂപയും വിവിധ ലൈസൻസ് ഫീസിനങ്ങളിൽ 3,86,637/- രൂപയുമാണ് തൻവർഷ വരവ്. പഞ്ചായത്തുകളിൽ ഉള്ള വീടുകളുടെയും ജനസംഖ്യ അനുപാതത്തിന്റെയും അടിസ്ഥാനത്തിൽ പഞ്ചായത്തുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായി സർക്കാർ അനുവദിച്ച നൽകുന്ന ജനറൽ പർപ്പസ് ഗ്രാൻറ് ഇനത്തിൽ 66,88,000/- രൂപയും പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. വർദ്ധിച്ച വരുന്ന ഭരണ ചെലവുകൾക്ക് ആനുപാതികമായി വരുമാനത്തിൽ വർദ്ധനവുണ്ടാകുന്നില്ല. ആയതിനാൽ പഞ്ചായത്തിന് തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു.

ആറാം സംസ്ഥാന ധനകാര്യക്കമ്മീഷന്റെ ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 30(v) ശിപാർശകളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി 8-1-21ലെ ജി.ഓ.പി നം 6/2021 ഫിൻ. നമ്പർ പ്രകാരം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ധനകാര്യവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തനതുവരുമാന വർദ്ധനവിനും കാര്യക്ഷമമായ വിഭവസമാഹരണത്തിനുമായി കോട്ടയം ജില്ലയിലെ തലപ്പലം ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിയമാനുസൃതം എടുത്തിട്ടുള്ള തീരുമാനങ്ങളും ആയതിന്റെ ഭാഗമായി എക്സിക്യൂട്ടീവ് അധികാരികൾ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളും നടപ്പാക്കിയ പ്രവർത്തനങ്ങളും വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. മേൽപരിശോധനയുടെയും ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലുള്ള നിരീക്ഷണക്കുറിപ്പുകൾ ചുവടെ ചേർക്കുന്നു.

### ഭരണസമിതിയുടെ പ്രവർത്തനം

01.04.2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ നടപ്പിലാക്കുന്നതിന് ഭരണസമിതിയുടെ 12.06.2023 ലെ 3/2 നമ്പർ പ്രകാരം (മേഖല, റോഡുകൾ എന്നിവ സഹിതം) തീരുമാനിച്ചിട്ടുണ്ട്. വസ്തു നികുതി കുടിശ്ശിക പിരിക്കുന്നതിന് ക്യാമ്പുകൾ സംഘടിപ്പിക്കുകയും നോട്ടീസ് ഉൾപ്പെടെയുള്ള പ്രചാരണ

മാർഗ്ഗങ്ങൾ അവലംബിക്കുകയും ചെയ്തത് ശ്ലാഘനീയമാണ്.

**ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രവർത്തനം**

1. പുതിയ നികുതി വരുമാനം സംബന്ധിച്ച നിർദ്ദേശങ്ങൾ 2022-23 കാലയളവിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്ന് ഉണ്ടായിട്ടില്ല.

2. ബജറ്റും യഥാർത്ഥ വരവുകളുമായുള്ള അന്തരം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിച്ചിട്ടില്ല.

3. വസ്തുനികുതി വേക്കൻസി റെമിഷൻ അനുവദിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ജാഗ്രത പുലർത്തിയില്ല.

4. തൊഴിൽ നികുതി, ലൈസൻസ് തുടങ്ങിയ വരവിനങ്ങളെ സംബന്ധിച്ച അവലോകന യോഗങ്ങൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചേർന്നിട്ടുണ്ട്.

5. സർക്കാർ ഉത്തരവ് (കൈ) നമ്പർ 117/2022/LSGD/01.06.2022 സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നില്ല.

**വസ്തു നികുതി**

1. ബജറ്റിലെ പ്രതീക്ഷിത വരവുമായി യഥാർത്ഥ കണക്കുകൾ പൊരുത്തപ്പെടുന്നില്ല. കൂടാതെ, ഐ.എൽ.ജി.എം.എസ് വരവ്, സഞ്ചയ വരവ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.

2. 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പരിഷ്കരിക്കുന്നതിന് ഭരണസമിതി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

3. റോഡ് മാപ്പ് സംബന്ധിച്ച സർവ്വേ (മേഖല, റോഡുകൾ എന്നിവ സഹിതം) പൂർത്തീകരിച്ചിട്ടുള്ളതും വേരിഫിക്കേഷൻ നടപടികൾ നടന്നു വരുന്നതുമാണ്.

4. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207, വിവിധ സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം നിശ്ചയിച്ചിട്ടുള്ള ഇളവുകൾ മാത്രമേ വസ്തു നികുതി ഇനത്തിൽ നൽകിയിട്ടുള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

5. പഞ്ചായത്ത് രാജ് നിയമത്തിലെ 207 (ബി.എ) വകുപ്പ് പ്രകാരം സർക്കാർ അംഗീകാരം ഉള്ള ഹയർ സെക്കണ്ടറി തലം വരെയുള്ള വിദ്യാഭ്യാസ കെട്ടിടങ്ങളേയും വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളേയും വസ്തുനികുതിയിൽ നിന്ന് ഇളവ് ചെയ്തിരുന്നു.. എന്നാൽ 2023 ലെ ഭേദഗതി പ്രകാരം ( 2023 ലെ കേരള ധനകാര്യ (2-ാം നമ്പർ ആക്റ്റ് ) പ്രകാരം സെക്ഷൻ 207 (ബിഎ) എടുത്തു കളഞ്ഞിട്ടുണ്ട്. ആയതിനാൽ പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളുടെ കൃത്യമായ വിവരം ശേഖരിച്ച് വസ്തുനികുതി പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

6. ഗ്രാമപഞ്ചായത്തിലെ അനധികൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ശേഖരിച്ച് സഞ്ചയയിൽ ചേർത്ത് ക്രമവത്ക്കരണം നടത്താവുന്ന കെട്ടിടങ്ങൾക്ക് കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കി നിയമാനുസൃതമാക്കുന്നതിനും അല്ലാത്തപക്ഷം പൊളിച്ചുനീക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

7. വിവിധ ആവശ്യങ്ങൾക്കായി കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ചതിനു ശേഷം കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണം) ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം പോസ്റ്റ് ഒക്യുപൻസി വിവരങ്ങൾ നിരീക്ഷിക്കുന്നില്ല.

**തൊഴിൽ നികുതി**

1. തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള ഡിമാൻറ് നോട്ടീസ് നൽകുകയും നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

2. തൊഴിൽ നികുതി അടയ്ക്കാനുള്ള സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും ഡാറ്റാബേസ് അപൂർണ്ണമാണ്. സിവിൽ കൺസ്ട്രക്ഷൻ സ്ഥാപനങ്ങൾ, കള്ളുഷാപ്പുകൾ, ആധാരം എഴുത്തുസ്ഥാപനങ്ങൾ, ഓഡിറ്റോറിയങ്ങൾ മുതലായ സ്ഥാപനങ്ങളും നോട്ടറികൾ ഉൾപ്പെടെയുള്ള അഭിഭാഷകർ, കരാറുകാർ, റേഷൻ വ്യാപാരികൾ എന്നിവരും ഡിമാൻഡിൽ ഉൾപ്പെട്ടിട്ടില്ല.

3. സ്ഥാപനങ്ങളിൽനിന്ന് ലഭ്യമായ നികുതി പത്രികകൾ പരിശോധിച്ച ശേഷമാണ് നികുതി

ഈടാക്കുന്നത്.

4. തൊഴിൽ നികുതി രജിസ്റ്ററിലെ വിവരങ്ങൾ പൂർണ്ണമല്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

**നികുതിയേതര വരവുകൾ**

ട്രേഡേഴ്സ് ലിസ്റ്റ് പഞ്ചായത്തിൽ തയ്യാറാക്കിയിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വാണിജ്യ സ്ഥാപനങ്ങളുടെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. ലൈസൻസ് രജിസ്റ്റർ പ്രകാരം 304 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 1368 വാണിജ്യ സ്ഥാപനങ്ങളുണ്ട്. ഇവ തമ്മിൽ വലിയ അന്തരമുണ്ട്.

വിവിധ ലൈസൻസ് ഫീസിനങ്ങളിൽ പഞ്ചായത്തിലെ സ്ഥാപനങ്ങളുടെയും ട്രേഡർമാരുടെയും വിവരം കൃത്യമായി അപ്ഡേറ്റ് ചെയ്യുന്ന രീതിയിൽ രജിസ്റ്റർ/ഡാറ്റാബേസ് തയ്യാറാക്കിയാൽ തനത് വിഭവ സ്രോതസ്സുകളുടെ പൂർണ്ണമായും വരുമാനമാക്കി മാറ്റുന്നതിന് സാധിക്കും. പഞ്ചായത്തിൽ സജ്ജമായിട്ടുള്ള കെട്ടിടങ്ങളുടെ ഡേറ്റാബേസുമായി മറ്റ് വരുമാന സ്രോതസ്സുകളുടെ ഡേറ്റയെ ബന്ധിപ്പിക്കുന്നതിലൂടെയും വിവിധ ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളെ മാപ്പ് ചെയ്ത് എല്ലാവിധ തൊഴിൽ നികുതി/ലൈസൻസ് വിഭവ സ്രോതസ്സുകൾ പരമാവധി ഡിമാന്റിൽ ഉൾപ്പെടുത്താനും കഴിയും. പഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഡിമാന്റിന് സജ്ജമാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിന് പൈതൃകമായി ലഭിച്ചിട്ടുള്ള വിഭവങ്ങളായ വിനോദസഞ്ചാരമേഖല, കാർഷിക മേഖല എന്നിവയിൽ കൂടുതൽ പദ്ധതികൾ രൂപീകരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്താവുന്നതാണ്.

**1-21 പുഴ പുനർജ്ജനി പദ്ധതി-മീനച്ചിലാർ നവീകരണം- തനത് ഫണ്ടിൽ നിന്ന് തുക അനുവദിച്ചത് തിരികെ ലഭിച്ചിട്ടില്ല.**

ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാനായ ജില്ലാ കളക്ടറുടെ 28.02.2022 തീയതിയിലെ ഉത്തരവ് നമ്പർ ഡി.എം. 1 -684 /2022 നം. ഉത്തരവു പ്രകാരം മീനച്ചിലാറിലും അതിന്റെ വിവിധ ഭാഗങ്ങളിലുമുള്ള കൈതോടുകളിലും കൈവഴികളിലും ചെക്ക് ഡാമുകളിലും അടിഞ്ഞുകൂടിയ എക്കലും ചെളിയും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനും അതുമൂലം വെള്ളപ്പൊക്കം പോലുള്ള ദുരന്തങ്ങൾ ഒഴിവാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി 19.03.2022 തീയതിയിലെ 7(1) നം. തീരുമാനപ്രകാരം ഗ്രാമ പഞ്ചായത്തിലെ ആക്കൽ തോട്, മാതാക്കൽ തോട്, (വാർഡ് 2,3,5,6), കോറമല തോട് എന്നിവിടങ്ങളിൽ അടിഞ്ഞുകൂടിയിരിക്കുന്ന എക്കലും ചെളിയും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് ലഭ്യമാക്കി പ്രവൃത്തി നടപ്പാക്കുന്നതിന് മുൻകൂറായി 20,00,00 (രണ്ട് ലക്ഷം രൂപ മാത്രം) നൽകുന്നതിനും സർക്കാരിൽ നിന്ന് തുക ലഭ്യമാകുന്ന മുറക്ക് ടി തുക തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനും തീരുമാനിച്ചിരുന്നു. ആയത് പ്രകാരം അടിഞ്ഞുകൂടിയിരിക്കുന്ന എക്കലും ചെളിയും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുന്നതിന്റെ ചെലവു രേഖകളും ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ തനത് ഫണ്ടിൽ നിന്നും താഴെപ്പറയും പ്രകാരം തുക വിവിധ തോട് സംരക്ഷണ സമിതികളുടെ തലപ്പലം സർവ്വീസ് സഹകരണ ബാങ്കിലെ അക്കൗണ്ടുകളിലേക്ക് നൽകിയിട്ടുണ്ട്.

| അക്കൗണ്ട് നം | വൗച്ചർ/ചെക്ക് നം.തീയതി | തുക |
|---|---|---|
| 10073 | 22200619 തീയതി 06/04/2022<br>104773 തീയതി 06/04/2022 | 75,000/- |
| 10084 | 22200124/തീയതി31/05/2022<br>105076തീയതി31/05/2022 | 55,000/- |
| 10090 | 22200246 തീയതി 16.07.2022<br>105522/16.07.2022 | 20000/- |

| | | |
|---|---|---|
| | ആകെ തുക | 1,50,000/- |

വിവിധ തോടുകളിൽ നിന്ന് നീക്കം ചെയ്ത എക്കലും ചെളിയും 30.03.2022 തീയ്യതിയിലെ 5(1) നം. തീരുമാനപ്രകാരം താഴെപ്പറയുന്ന വ്യക്തികളുടെ സ്ഥലങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ട്. അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, (പാലാ കുത്താട്ടുകുളത്തിന്റെ എം.ആർ.വി.പി സബ്ബ് ഡിവിഷൻ നം.1) 08.04.2022 & 12.05.2022 തീയതികളിലെ, എം.ആർ.വി.പി 1-/2022 നം കത്തുകൾ പ്രകാരം നിക്ഷേപിച്ച എക്കലിന്റേയും, ചെളിയുടേയും അളവ് നിർണ്ണയിച്ച് അറിയിച്ചിട്ടുണ്ട്.

| | നിക്ഷേപിച്ച സ്ഥലം | നിക്ഷേപിച്ച അളവ് |
|---|---|---|
| മുക്കാലടി പാലത്തിന് താഴെനീക്കം ചെയ്ത എക്കലും ചെളിയും (05.04.2022 മുതൽ 07.04.2022 വരെ നടന്ന പ്രവർത്തി | കൊണ്ടൂർ വില്ലേജിൽ അന്ന തോമസ്സ്, ജോബി തോമസ്സ് മുക്കാലടിയിൽ എന്നിവരുടെ ഉടമസ്ഥതയിലുള്ള സർവ്വേ നം.268/1-2, 267/1-1 | 200 M3 |
| മീനച്ചിലാറിന്റെ ആറാം മൈൽ ഭാഗത്ത് ചെക്ക് ഡാമിൽ അടിഞ്ഞുകൂടിയ എക്കലും ചെളിയും നീക്കം ചെയ്തത് (25.04.2022 മുതൽ 06.05.2022 വരെ നടന്ന പ്രവർത്തി) | ഈരാറ്റുപേട്ട വില്ലേജിൽ 1) ലക്ഷ്മിക്കുട്ടിയമ്മ ചാലിൽ, (സർവ്വനം376/2-2) 2) അലക്സ് മാത്യു, തട്ടാംപറമ്പിൽ (സർവ്വേനം359/17, 359/21-1) 3) ഗോപിനാഥൻ നായർ, ബാലകൃഷ്ണൻ നായർ കൊച്ചുപുരക്കൽ (സർവ്വനം376/2-1) | 2700 M3 |
| | ആകെ നിക്ഷേപിച്ച അളവ് | 2900 M3 |

ജില്ലാ കളക്ടറുടെ 28.02.2022 തീയതിയിലെ ഡി.എം. 1 -684 /2022 നമ്പർ ഉത്തരവ് പ്രകാരം ജലനിർഗമന പാതയിൽ അടിഞ്ഞുകൂടിയിരിക്കുന്ന നിക്ഷേപങ്ങളുടെ തരവും അളവും കണ്ടെത്തി വില നിശ്ചയിച്ച് ലേലം ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം തദ്ദേശസ്ഥാപന സെക്രട്ടറിമാരിൽ നിക്ഷിപ്തമാണ് എന്നും ലേലം ചെയ്ത് ലഭിക്കുന്ന തുകയുടെ 30% RMF 70% തദ്ദേശസ്ഥാപന ത്തിനും അവകാശപ്പെട്ടതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട് നിക്ഷേപിച്ച എക്കലും ചെളിയും തരം തിരിച്ച് മൂല്യനിർണ്ണയം നടത്തി ലേലം ചെയ്തോ എന്നുള്ള കാര്യം വ്യക്തമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.5/29.11.2023) മറുപടിയായി ടി നിഷേപങ്ങളുടെ ലേല നടപടികൾക്കായി വാട്ടർ റിസോഴ്സ് ഡിപ്പാർട്ട്മെന്റ്, ഇറിഗേഷൻ ഡിവിഷൻ കഞ്ഞിക്കുഴി, കോട്ടയത്തിന്റെ 17/02/2023 ലെ ഓക്ഷൻ നം.01/ഇഐഡികെടിഎം/2022-23 പ്രകാരം ലേല പരസ്യം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. കൂടാതെ 15/07/2023 തീയ്യതിയിൽ ടി വിവരങ്ങൾ ഉൾപ്പെടുത്തി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, എം.ആർ.വി.പി സബ്ബ് ഡിവിഷൻ നം.1 ഉത്തരവു പ്രകാരം വീണ്ടും ലേല പരസ്യം

പ്രസിദ്ധീകരിച്ചിട്ടുള്ളതാണ് എന്നറിയിച്ചിട്ടുണ്ട്. ജില്ലാ കളക്ടറുടെ 23.01.2023 തീയതിയിലെ ഡി.എം.1 684/2022 നമ്പർ ഉത്തരവ് പ്രകാരം പുഴ പുനർജനി പദ്ധതിയുടെ ഭാഗമായി ജില്ലയിലെ നദികളിൽ നിന്നും ഡീസിൽറ്റേഷൻ നടത്തി വിവിധ കേന്ദ്രങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന മണൽ ചെളി മറ്റ് അവശിഷ്ടങ്ങൾ എന്നിവ ഇറിഗേഷൻ വകുപ്പ് എക്സ്ക്യൂട്ടീവ് എഞ്ചിനീയർ നിശ്ചയിച്ച് നൽകിയിട്ടുള്ള അടിസ്ഥാന വിലയെ ആധാരമാക്കി ഇ-ലേലം നടത്തുന്നതിന് എക്സ്ക്യൂട്ടീവ് എഞ്ചിനീയർ മേജർ ഇറിഗേഷൻ ഡിവിഷൻ കോട്ടയത്തിനെ ചുമതലപ്പെടുത്തിയും ഇപ്രകാരം ലേലം ചെയ്യുന്ന വകയിൽ ലഭിക്കുന്ന തുക റിവർ മാനേജ്മെന്റ് ഫണ്ടിൽ അടയ്ക്കുന്നതിനും അനുമതി നൽകി ഉത്തരവായിട്ടുണ്ട്. മേൽ ഉത്തരവ് ജില്ലാ കളക്ടറുടെ 28.02.2022 തീയതിയിലെ ഉത്തരവിന് ഘടകവിരുദ്ധമാണ്. പ്രോജക്ട് നിർവ്വഹണത്തിന് ജലവിഭവ വകുപ്പിന്റെ ഫണ്ട് ചെലവഴിക്കേണ്ടതാണ് എന്ന് ജില്ലാ കളക്ടറുടെ 28.02.2022 തീയതിയിലെ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു എങ്കിലും ഫണ്ടൊന്നും ലഭിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ മണൽ/എക്കൽ/ചെളി എന്നിവ ലേലം ചെയ്ത് ലഭിക്കുന്ന തുകയിൽ നിന്നും പഞ്ചായത്തിന് ചെലവായ തുക ലഭ്യമാക്കുന്നതിനുള്ള അടിയന്തിര ഇടപെടലുകളും നടപടികളും അധികാരികൾ നടത്തേണ്ടതാണ്.

**1-22 അസിസ്റ്റൻറ് എൻജിനീയറുടെ പേരിലുള്ള അക്കൗണ്ടിലെ ഇടപാടുകളുടെ വിശദാംശങ്ങൾ ലഭ്യമല്ല**

തലപ്പലം ഗ്രാമപഞ്ചായത്തിലെ അസിസ്റ്റൻറ് എൻജിനീയറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ പ്ലാശനാൽ ശാഖയിൽ നിലവിലുള്ള അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 38593462718) 30.03.23 ൽ 50612.84/-രൂപ ക്ലോസിങ് ബാലൻസ് ആയി അവശേഷിക്കുന്നു.

| മുന്നിരിപ്പ് 01.04.22 | നീക്കിയിരിപ്പ് 30.11.23 |
|---|---|
| 27441.84/- | 50612.84/- |

ഈ അക്കൗണ്ടിലെ നീക്കിയിരിപ്പ് വിശദാംശങ്ങൾ പരിശോധിച്ച് ഈ തുക ഈ ടെണ്ടർ ഫീ ഇനത്തിൽ ലഭ്യമായതാണൊ എന്ന് ഉറപ്പുവരുത്തി ടെണ്ടർ ഫീ ആണെങ്കിൽ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് കൈമാറി മറുപടി നൽകേണ്ടതാണന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പ് നം. 12 തീയതി 30.11.23 ന് മറുപടിയായി തുക കൈമാറി വിവരം അറിയിക്കുന്നതാണന്ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകി. നീക്കിയിരിപ്പ് തുക സംബന്ധിച്ച് പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-23 കളത്തുക്കടവ് ടേക്ക് എ ബ്രേക്ക് കെട്ടിടം-ഉപയോഗക്ഷമമാക്കിയിട്ടില്ല.**

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | ടേക്ക് എ ബ്രേക്ക്, പൊതു ശൗചാലയ നിർമ്മാണം 46/23 |
| കരാറുകാരൻ | ഷൈജോമോൻ ജോൺ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 16,00,000/-(5,00,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് + 8,00,000/- സംസ്ഥാനാവിഷ്കൃത ഫണ്ട്, 3,00,000/- കേന്ദ്രാവിഷ്കൃതഫണ്ട്) |
| ചെലവ് | 5,00,000/-(ബിൽ നം5തീയതി 20.03.23 ) |

പഞ്ചായത്ത് പരിധിയിലുള്ള കളത്തുക്കടവിൽ, യാത്രക്കാർക്ക് വിശ്രമത്തിനും പ്രാഥമിക ആവശ്യങ്ങൾക്കും സൗകര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്. എന്നാൽ മരാമത്ത് പ്രവൃത്തികൾ പൂർത്തിയായെങ്കിലും ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ നിർവ്വഹിച്ച് ടേക്ക് എ ബ്രേക്ക് കെട്ടിടം പ്രവർത്തനക്ഷമമാക്കിയില്ല എന്ന് കാണുന്നു. പ്രവൃത്തിയുടെ പൂർത്തീകരണം

സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പ് നം. 13 തീയതി 30.11.23 ന് മറുപടിയായി ഈ മാസം തന്നെ ഇലക്ട്രിഫിക്കേഷനായുള്ള ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണെന്നറിയിച്ചു. അടിയന്തിരമായി തുടർനടപടികൾ സ്വീകരിച്ച് പദ്ധതി പ്രവർത്തനക്ഷമമാക്കേണ്ട വിഷയത്തിലേയ്ക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-24 ഗുണഭോക്തൃ പട്ടികയിൽ ഉൾപെടാത്തവർക്ക് ആനുകൂല്യം നൽകി

2022-23 വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികളിൽ പഞ്ചായത്തിന്റെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്തതായി പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1) പദ്ധതി നം :- 91/2022-23

പദ്ധതിയുടെ പേര് :- വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ :- 173425/- (പൊതു വിഭാഗം സാധാരണ വിഹിതം)

ചെലവ് :-27969/-

ബിൽ നം :-240/17.03.23

പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് ഹാൻഡികാപ്പ്ഡ് പേഴ്സൺസ് വെൽഫയർ കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും 2 വീൽ ചെയറുകളും 7 വാക്കിംഗ് സ്റ്റിക്കുകളും ആവശ്യ നിർണ്ണയത ക്യാമ്പ് നടത്തി വാങ്ങി നൽകിയിട്ടുണ്ട്. ലഭ്യമാക്കിയ വിതരണ രേഖകൾ പ്രകാരം താഴെ പ്പറയുന്ന ഗുണഭോക്താക്കൾ ഗുണഭോക്ത ലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വാർഡ് | വിതരണം ചെയ്ത ഉപകരണം |
|---|---|---|---|
| 1 | വർക്കി വർക്കി അമ്മിയാലിക്കൽ അഞ്ഞൂറ്റിമംഗലം | 11 | വീൽ ചെയർ |
| 2 | ശിവൻ സി.ആർ, ചാമക്കുന്ന് പ്ലാശനാൽ | 9 | വാക്കിംഗ് സ്റ്റിക്ക് |

2) പദ്ധതി നം :- 88/2022-232

പദ്ധതിയുടെ പേര് :- ഭിന്നശേഷികാർക്ക് സഹായ ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ :- 296775(പൊതു വിഭാഗം സാധാരണ വിഹിതം)

ചെലവ് :-220587

ബിൽ നം :-239/17.03.23

പദ്ധതി പ്രകാരം ആവശ്യ നിർണ്ണ ക്യാമ്പ് നടത്തി കേരള സ്റ്റേറ്റ് ഹാൻഡികാപ്പ്ഡ് പേഴ്സൺസ് വെൽഫയർ കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും വിവിധ ഉപകരണങ്ങൾ വാങ്ങി ഭിന്നശേഷികാർക്ക് നൽകിയിട്ടുണ്ട്. ലഭ്യമാക്കിയ വിതരണ രേഖകൾ പ്രകാരം താഴെ പ്പറയുന്ന ഗുണഭോക്താക്കൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല .

| **ക്രമ നം** | **ഗുണഭോക്താവിന്റെ പേര്** | **വാർഡ്** | **വിതരണം ചെയ്ത ഉപകരണം** |
|---|---|---|---|
| 1 | തങ്കമ്മ, കണ്ടത്തിൽ കലംങ്കണ്ടം | 13 | Tripod Stick,Therapy Mat |
| 2 | മുഹമ്മദ് ഹറാഷ്, കാരക്കാത്, മാതാക്കൽ | 3 | Folding Walker Deluxe |
| 3 | സുരേഷ് കെ.കെ, കൊട്ടാരത്തിൽതാഴെ | `13 | Chromlated Wheel Chair,Commode Chair |

| | | | |
|---|---|---|---|
| | | | With Wheel,Ankle Exerciser,Hand Exercise Kit (Shoulder Pully), Elbow Crutches Deluxe |
| 4 | മന ദാമോദരൻ കാഞ്ഞിരപ്പാറയിൽ | രേഖപ്പെടുത്തിയിട്ടില്ല | Tripod Stick,Hand Exercise Kit (Shoulder Pully), Ankle Exerciser |
| 5 | അന്ന.ജെ.,കണപ്പുരയ്ക്കൽ, തലപ്പലം | 8 | Paedeatric Wheel Chair,sensory Kit,Trampoline |
| 6 | ജിൽനാ ജിമ്മി കുനക്കാട്ട്, ഈരാറ്റുപേട്ട | 6 | Therapy Mat,AFO B/L Arch Support,Sensory Kit, Standing Frame,Folding Walker Deluxe, Commode Chair Withwheel,Accomodative Foot Wear |
| 7 | സുൽത്താൻ, പ്ലാമൂട്ടിൽ ഇടക്കലമറ്റം | 5 | Paedeatric Wheel ChairTherapy Mat,sensorykit,PEG Board |
| 8 | ചന്ദ്രൻ, പനച്ചിക്കൽതലപ്പലം | രേഖപ്പെടുത്തിയിട്ടില്ല | Hand Exercise Kit (Shoulder Pully),Hand Exerciser,Commode Chair With Wheel, Therapy Mat,Ankle Exerciser |
| 9 | കേശവ് സജിമോൻ കടപ്ലാക്കൽ,തലപ്പലം | 9 | Paedeatric Wheel Chair Therapy Mat Therapy Ball |
| 10 | രേഖ ആർ.വി കൊച്ചുപുരക്കൽ,തലപ്പലം | 3 | Folding Walker Deluxe,Commode Chair With Wheel,Therapy Mat |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി (നം.14/30.11.2023) അർഹരായ ഗുണഭോക്താക്കൾക്ക് തന്നെയാണ് ഉപകരണങ്ങൾ വിതരണം ചെയ്തതെന്നും ടി ഗുണഭോക്താക്കൾക്ക് ഉപകരണങ്ങൾ വിതരണം ചെയ്തതിന് കമ്മിറ്റിയുടെ സാധൂകരണം ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടാത്ത ഗുണഭോക്താക്കൾക്ക് ഉപകരണങ്ങൾ വിതരണം ചെയ്തതിന് ഗ്രാമസഭയുടെ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

**1-25 വീട് വാസയോഗ്യമാക്കൽ എസ്. സി.- പൂർത്തിയാക്കിയിട്ടില്ല**

പ്രോജക്ട് നം. 133/23

അടങ്കൽ- 816450/- രൂപ ( 204200/- രൂപ- വികസന ഫണ്ട് പൊതുവിഭാഗം + 612250 രൂപ- വികസന ഫണ്ട് എസ്. സി. പി )

ചെലവ്- 612250/- രൂപ.

നിർവ്വഹണോദ്യോഗസ്ഥൻ- വി. ഇ. ഒ, അമ്പാറ

തലപ്പലം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ വി. ഇ. ഒ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം താഴെപ്പറയുന്ന 2 പേർക്ക് 35000 രൂപ വീതം മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ ടി ഗുണഭോക്താക്കൾ അവരുടെ വീടിന്റെ മെയിന്റനൻസ് പൂർത്തിയാക്കി ബാക്കി തുക 40000 രൂപ വീതം കൈപ്പറ്റിയതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവ് | നൽകിയ തുക | ബിൽ നം/ തീയതി | ഫണ്ടിനം |
|---|---|---|---|
| രാധ ഭാസ്കരൻ, വാണിയപ്പുരയിൽ, മേലമ്പാറ | 35000 | 5/22-23/ 20.1.23 | വികസന ഫണ്ട് എസ്. സി. പി |
| വൽസമ്മ മോഹനൻ, തെക്കേരാമാട്ടുപതിയിൽ, കാഞ്ഞിരപ്പാറ | 35000 | 6/22-23/ 27.1.23 | വികസന ഫണ്ട് എസ്. സി. പി |
| ആകെ | 70000 | | |

ഇതിൽ വൽസമ്മ മോഹനൻ എന്ന ഗുണഭോക്താവ് വീടിന്റെ മെയിന്റനൻസ് തുടങ്ങാത്തത് സംബന്ധിച്ച് 24.7.23 ൽ നിർവ്വഹണോദ്യോഗസ്ഥൻ പ്രസിഡന്റിന് കത്ത് നൽകിയിട്ടുണ്ട്. മേൽ ഗുണഭോക്താക്കളുടെ വീട് മെയിന്റനൻസ് പൂർത്തിയാക്കുന്നതിന് തുടർ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 3/28.11.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ക്രമ നമ്പർ ഒന്നിലെ രാധാ ഭാസ്കരന്റെ ഭവനപുനരുദ്ധാരണത്തിന്റെ വാലേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടെന്നും ക്രമ നമ്പർ രണ്ടിലെ വൽസമ്മ മോഹനൻ എന്ന ഗുണഭോക്താവ് വീട് മെയിന്റനൻസ് പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല എന്നും പ്രസ്തുത വിവരം ഗ്രാമ പഞ്ചായത്ത് കമ്മറ്റിയെ അറിയിച്ചിട്ടുണ്ടെന്നും മറുപടി നൽകി. ശ്രീമതി വൽസമ്മ മോഹനൻ വീട് മെയിന്റനൻസ് പ്രവൃത്തികൾ തുടങ്ങാത്ത പക്ഷം മുൻകൂർ നൽകിയ 35000/- രൂപ തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. തുടർ വിവരങ്ങൾ ലഭ്യമാക്കുന്നതിലേക്കായി 70000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-26 മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ- ക്ലീൻ കേരള കമ്പനിക്ക് 4248 രൂപ അധികം നൽകി.**

പ്രോജക്ട് നം. 152/23

അടങ്കൽ- 128854 രൂപ ( വികസന ഫണ്ട് പൊതുവിഭാഗം )

ചെലവ്- 118545 രൂപ

നിർവ്വഹണോദ്യോഗസ്ഥൻ- വി.ഇ.ഒ, പ്ലാശ്ശനാൽ സർക്കിൾ.

മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി തലപ്പലം ഗ്രാമ പഞ്ചായത്തിൽ നിന്നും പുന:ചംക്രമണയോഗ്യമല്ലാത്ത 7530 Kg അജൈവമാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി നീക്കം ചെയ്യുന്നതിനും കമ്പനിയുടെ 27.9.22 ലെ ഇൻവോയ്സ് നം. D23/SER 22-23/380 പ്രകാരം കിലോഗ്രാമിന് 11.8 രൂപ നിരക്കിൽ 88854 രൂപ ആവശ്യപ്പെട്ടിരുന്നു. മേൽ പ്രോജക്ടിൽ നിന്നും ബിൽ നമ്പർ 11/22-23/6.1.23 പ്രകാരം 88854 രൂപ ക്ലീൻ കേരള കമ്പനിയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇൻവോയിസിനൊപ്പം ലഭ്യമാക്കിയ കൃപ വേ ബ്രിഡ്ജ് ഈരാറ്റുപേട്ട എന്ന സ്ഥാപനത്തിൽ നിന്നും ലഭിച്ച വിവിധ തീയതികളിലെ പബ്ലിക് വേയിംഗ് ടിക്കറ്റ് പ്രകാരം 7170 Kg അജൈവമാലിന്യങ്ങളാണ്

ക്ലീൻ കേരള കമ്പനി നീക്കം ചെയ്തത് എന്ന് കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പബ്ലിക് വേയിംഗ് ടിക്കറ്റ് തീയതി | മാലിന്യത്തിന്റെ അളവ് |
|---|---|
| 13.5.22 | 830 Kg |
| 13.5.22 | 740 Kg |
| 29.5.22 | 810 Kg |
| 12.6.22 | 300 Kg |
| 1.9.22 | 1750 Kg |
| 1.9.22 | 1370 Kg |
| 1.9.22 | 1370 Kg |
| ആകെ | 7170 Kg |

അതായത് ആകെ 7170 Kg അജൈവമാലിന്യങ്ങൾ മാത്രമാണ് നീക്കം ചെയ്തിട്ടുള്ളത്. കിലോഗ്രാമിന് 11.8 രൂപ നിരക്കിൽ 7170 കിലോഗ്രാം അജൈവമാലിന്യം നീക്കം ചെയ്തതിന് അനുവദിക്കാവുന്ന തുക 84606/- രൂപയാണ്. 4248/- രൂപ (88854- 84606) ക്ലീൻ കേരള കമ്പനിക്ക് അധികം നൽകിയതായി കാണുന്നു. ഇത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 6/30.11.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ അധികം നൽകിയ 4248/- രൂപ ക്ലീൻ കേരള കമ്പനിയോട് തിരികെ അടയ്ക്കുന്നതിന് ആവശ്യപ്പെടുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തുകൊള്ളാമെന്ന് അറിയിച്ചു. ക്ലീൻ കേരള കമ്പനിക്ക് അധികം നൽകിയ 4248/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. അധികം നൽകിയ 4248/- രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

**1-27 ടെൻഡർ ഷെഡ്യൂള പ്രകാരമുള്ള ഗ്യാരന്റി രേഖകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തില്ല**

2022-23 വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം കട്ടിലുകൾ വാങ്ങാൻ ക്വട്ടേഷൻ ക്ഷണിച്ചിരുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | ബിൽ നം./തീയതി |
|---|---|---|---|---|
| 87/23 | വൃദ്ധർക്ക് കട്ടിൽ (എസ്.സി) | 56550(എസ്.സി.പി) | 55790/- | 287/28.03.2023 |
| 85/23 | വയോജനങ്ങൾക്ക് കട്ടിൽ (ജനറൽ) | 113100(പൊതുവിഭാഗം സാധാരണവിഹിതം) | 111580/- | 288/28.03.2023 |

പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ 24.12.2022 തീയ്യതിയിലെ മിനിട്സ് പ്രകാരം എറ്റവും കൂടിയ തുക (3985/)ക്വോട്ട് ചെയ്ത Decore Italian Furniture, ഈരാറ്റുപേട്ട എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ (9mm ISI മാർക്ക് പ്ലൈവുഡ് അടിച്ച് കടഞ്ഞ ക്രാസിയിട്ട 7 വർഷം ഗ്യാരന്റിയോടു കൂടിയ തേക്കിൽ പണിത കട്ടിൽ) ഗുണമേന്മ കണ്ട് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അംഗീകരിച്ചു എന്ന് മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.25/10/2022-ൽ സമർപ്പിച്ച ടെൻഡർ ഷെഡ്യൂള് പ്രകാരം എല്ലാ കട്ടിലുകൾക്കും ഗ്യാരന്റി പേപ്പർ കൊടുക്കുന്നതാണ് എന്ന് രേഖാമൂലം Decore Italian Furniture, ഈരാറ്റുപേട്ട എന്ന സ്ഥാപനം അറിയിച്ചിട്ടുണ്ട്. എന്നാൽ വിതരണം ചെയ്ത എല്ലാ കട്ടിലുകൾക്കും ഗ്യാരന്റി പേപ്പർ ഉൾപ്പെടെയാണോ വിതരണം ചെയ്തത് എന്ന് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.15/30.11.2023) മറുപടിയായി ഗ്യാരന്റി രേഖകൾ കട്ടിലിനൊപ്പം ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടെൻഡർ ഷെഡ്യൂളിൽ രേഖപ്പെടുത്തിയ പ്രകാരമുള്ള ഗ്യാരന്റി രേഖകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയതതിന്റെ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**1-28 ബാലസഭ- അനുവദനീയമായതിലും അധികം തുക ചെലവഴിച്ചു.**

പ്രോജക്ട് നം. 141/23

അടങ്കൽ- 30000 രൂപ ( വികസന ഫണ്ട് ജനറൽ )

ചെലവ്- 30000 രൂപ ( ബിൽ നം. 19/22-23/ 22.3.23 )

നിർവ്വഹണോദ്യോഗസ്ഥൻ- വി.ഇ.ഒ, പ്ലാശനാൽ സർക്കിൾ

തലപ്പലം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ ബാലസഭ പ്രവർത്തനങ്ങൾക്കായി മേൽ പ്രോജക്റ്റ് പ്രകാരം 30000/- രൂപ സി.ഡി.എസിന്റെ അക്കൗണ്ടിലേക്ക് മാറി നൽകുകയും ആയത് വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. സ.ഉ(കൈ) നം. 115/22/ തസ്വഭവ. തീയതി 28.5.22 പ്രകാരമുള്ള പതിനാലാം പഞ്ചവൽസര പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.7.10 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളിലെ ബാലസഭ പ്രവർത്തനങ്ങൾക്ക് ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിക്കാവുന്ന ധനസഹായം വാർഡ് ഒന്നിന് 1000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. അതുപ്രകാരം 13 വാർഡുകളുള്ള തലപ്പലം ഗ്രാമ പഞ്ചായത്തിന് ബാലസഭ പ്രവർത്തനങ്ങൾക്കായി അനുവദിക്കാവുന്ന പരമാവധി തുക 13000 രൂപ മാത്രമാണ്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിലും അധികം തുക ചെലവഴിച്ചത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 24/30.11.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ബാലസഭ പ്രവർത്തനങ്ങൾ ഗ്രാമ പഞ്ചായത്ത് തലത്തിൽ കുട്ടികൾക്ക് വളരെ പ്രയോജനപ്രദമായും പൊതുപണത്തിന്റെ ദുരുപയോഗം വരാതെയുമാണ് ചെയ്തിട്ടുള്ളത് എന്ന് മറുപടി നൽകി. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 17000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രോജക്റ്റ് നിർവ്വഹണം മാർഗ്ഗരേഖയ്ക്ക് അനുസരിച്ച് നടത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

**1-29 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക ചെലവഴിച്ചത്- പ്രവൃത്തി പൂർത്തിയാക്കി വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല**

ഓഡിറ്റ് വർഷത്തിൽ സെക്രട്ടറി നിർവഹണം നടത്തിയ വിവിധ പ്രോജക്ടുകൾ പ്രകാരം ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് കെ.എസ്.ഇ.ബി, ഭൂജലവകുപ്പ് തുടങ്ങിയ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ നൽകിയിരുന്നു. എന്നാൽ പ്രവൃത്തികൾ പൂർത്തിയായതിന്റെ വിശദാംശങ്ങൾ, വിനിയോഗ വിവരങ്ങൾ എന്നിവ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല. തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്റ്റ് നമ്പർ/ പ്രവൃത്തിയുടെ പേര് | സ്ഥാപനം | അക്കൗണ്ട് നം | മുൻകൂർ നൽകിയ തുക | ബിൽ/ നം /തുക തീയതി |
|---|---|---|---|---|
| 06/23 വിവിധ വിവിധ വാർഡുകളിൽസ്ട്രീറ്റ് ലൈൻ വലിക്കൽ | കെ.എസ്.ഇ.ബി | എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇലക്ട്രിക്കൽ ഡിവിഷൻ പാലാഅക്കൗണ്ട് നം 57044798200 | 209000/- | ധനകാര്യകമ്മീൻ ഗ്രാന്റ് 30/22-23 തീയതി 27.03.23 |
| 08/23 വിവിധ വാർഡുകളിൽ കുഴൽകിണർ നിർമ്മാണം | ഭൂജല വകുപ്പ് | ജില്ലാ ഓഫീസർ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെൻറ്അക്കൗണ്ട് നം 361201010035508 | 3,81,500/- | ധനകാര്യകമ്മീൻ ഗ്രാന്റ് 28/22-23 തീയതി 03.03.23 |
| | | ആകെ | 590500 | |

പ്രവൃത്തിയുടെ പൂർത്തീകരണം, തുകയുടെ വിനിയോഗം എന്നിവ സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. വിനിയോഗ വിവരം ലഭ്യമാക്കുന്നതുവരെ 590500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-30 കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല**

പ്രോജക്റ്റ് നം. 136/23

അടങ്കൽ- 900000 രൂപ ( വികസന ഫണ്ട്- 450000 + ഗുണഭോക്തൃ വിഹിതം- 450000 )

ചെലവ്- 450000 രൂപ, വികസന ഫണ്ട് ( ബിൽ നം. 6/22-23/ 16.01.23)

നിർവ്വഹണോദ്യോഗസ്ഥൻ- വെറ്റിനറി സർജൻ.

കന്നുകുട്ടി പരിപാലന പദ്ധതി നടത്തിപ്പിനായി 36 കിടാരികൾക്കുള്ള 450000/- രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ പേരിൽ കോട്ടയം ജില്ലാ ട്രഷറിയിലുള്ള അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തിയായിട്ടില്ല. പൂർത്തിയാകുന്ന മുറയ്ക്ക് തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. അതുവരെ 450000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-31 പി.എം.എ.വൈ. വിഹിതം നൽകൽ- വിനിയോഗവിവരം ലഭ്യമല്ല.**

പ്രോജക്റ്റ് നം. 44/23

അടങ്കൽ- 140000 രൂപ ( വികസന ഫണ്ട് ജനറൽ )

ചെലവ്- 140000 രൂപ ( ബിൽ നം. 3/22-23/ 29.7.22 )

നിർവ്വഹണോദ്യോഗസ്ഥൻ- വി. ഇ. ഒ, പ്ലാശനാൽ

മേൽ പ്രോജക്റ്റ് പ്രകാരം 140000/- രൂപ ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. വിനിയോഗവിവരം ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 21/30.11.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വിനിയോഗസാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതാണ് എന്ന് അറിയിച്ചു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കുന്നത് വരെ 140000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

**3-1 മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ- ക്ലീൻ കേരള കമ്പനിക്ക് 4248 രൂപ അധികം നൽകി.**

പ്രോജക്റ്റ് നം. 152/23

അടങ്കൽ- 128854/- രൂപ ( വികസന ഫണ്ട് പൊതുവിഭാഗം )

ചെലവ്- 118545/- രൂപ

നിർവ്വഹണോദ്യോഗസ്ഥൻ- വി.ഇ.ഒ, പ്ലാശ്ശനാൽ സർക്കിൾ.

മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി തലപ്പലം ഗ്രാമ പഞ്ചായത്തിൽ നിന്നും പുന:ചംക്രമണയോഗ്യമല്ലാത്ത 7530 Kg അജൈവമാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി നീക്കം ചെയ്തതിനും കമ്പനിയുടെ 27.9.22 ലെ ഇൻവോയ്സ് നം. D23/SER 22-23/380 പ്രകാരം കിലോഗ്രാമിന് 11.8 രൂപ നിരക്കിൽ 88854/- രൂപ ആവശ്യപ്പെട്ടിരുന്നു. മേൽ പ്രോജക്റ്റിൽ നിന്നും ബിൽ നമ്പർ 11/22-23/6.1.23 പ്രകാരം 88854/- രൂപ ക്ലീൻ കേരള കമ്പനിയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇൻവോയിസിനൊപ്പം ലഭ്യമാക്കിയ കൃപ വേ ബ്രിഡ്ജ് ഈരാറ്റുപേട്ട എന്ന സ്ഥാപനത്തിൽ നിന്നും ലഭിച്ച വിവിധ തീയതികളിലെ പബ്ലിക് വേയിംഗ് ടിക്കറ്റ് പ്രകാരം 7170 Kg അജൈവമാലിന്യങ്ങളാണ് ക്ലീൻ കേരള

കമ്പനി നീക്കം ചെയ്തത് എന്ന് കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പബ്ലിക് വേയിംഗ് ടിക്കറ്റ് തീയതി | മാലിന്യത്തിന്റെ അളവ് |
|---|---|
| 13.5.22 | 830 Kg |
| 13.5.22 | 740 Kg |
| 29.5.22 | 810 Kg |
| 12.6.22 | 300 Kg |
| 1.9.22 | 1750 Kg |
| 1.9.22 | 1370 Kg |
| 1.9.22 | 1370 Kg |
| ആകെ | 7170 Kg |

അതായത് ആകെ 7170 Kg അജൈവമാലിന്യങ്ങൾ മാത്രമാണ് നീക്കം ചെയ്തിട്ടുള്ളത്. കിലോഗ്രാമിന് 11.8 രൂപ നിരക്കിൽ 7170 കിലോഗ്രാം അജൈവമാലിന്യം നീക്കം ചെയ്തതിന് അനുവദിക്കാവുന്ന തുക 84606 രൂപയാണ്. 4248 രൂപ (88854- 84606) ക്ലീൻ കേരള കമ്പനിക്ക് അധികം നൽകിയതായി കാണുന്നു. ഇത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 6/30.11.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ അധികം നൽകിയ 4248/- രൂപ ക്ലീൻ കേരള കമ്പനിയോട് തിരികെ അടയ്ക്കുന്നതിന് ആവശ്യപ്പെടുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തുകൊള്ളാമെന്ന് അറിയിച്ചു. ക്ലീൻ കേരള കമ്പനിക്ക് അധികം നൽകിയ 4248/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. അധികം നൽകിയ 4248/- രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2022-23 | 28.11.2023 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2022-23 വർഷം സംയുക്ത പ്രോജക്ടിനായി ലഭിച്ച ഫണ്ടിന്റെ വിനിയോഗം ധനകാര്യ പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 100000 | സുഭിക്ഷ കേരളം -സ്ഥിരം കൃഷിക്ക് കൂലി ചെലവ് സബ്സിഡി (പ്രോജക്ട് നം. 66/23) | 100000 | 0 |
| | 100000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 100000 | 0 |

| | | | | |
|---|---|---|---|---|
| | | (പ്രോജക്ട് നം. 89/23) | | |
| | 50000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (പ്രൊജക്ട് നം. 142/23) | 50000 | 0 |
| | 100000 | പാലിയേറ്റീവ് പരിചരണം (പ്രൊജക്ട് നം. 45/23) | 100000 | 0 |
| | 260000 | ലൈഫ് ഭവന പദ്ധതി – ജനറൽ (പ്രൊജക്ട് നം. 144/23) | 260000 | 0 |
| **ആകെ** | **610000** | | **610000** | **0** |
| ജില്ലാപഞ്ചായത്ത് | 180000 | ലൈഫ് ഭവന പദ്ധതി – ജനറൽ (പ്രൊജക്ട് നം. 144/23) | 180000 | 0 |
| | 64000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നം. 89/23) | 64000 | 0 |
| | 45000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (പ്രൊജക്ട് നം. 142/23) | 45000 | 0 |
| | 214142 | ലൈഫ് ഭവന പദ്ധതി – ടി എസ് പി (പ്രോജക്ട് നം. 58/23) | 214142 | 0 |
| **ആകെ** | **503142** | | **503142** | **0** |

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2022-23 വർഷത്തിൽ പഞ്ചായത്ത് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് സെക്രട്ടറി നടപ്പാക്കിയ 2 പ്രോജക്ടുകൾ പ്രകാരം കെ.എസ്.ഇ.ബി, ഭൂഗർഭ ജല വകുപ്പ് എന്നിവിടങ്ങളിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം പ്രോജക്ട് തിരിച്ച് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | മുൻകൂർ നൽകിയതുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|
| കെഎസ്ഇബി | 06/23 - വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 209000/- | 0 | 209000/- |
| ഭൂജല വകുപ്പ് | 08/23 – വിവിധ വാർഡുകളിൽ | 3,81,500/- | 0 | 3,81,500/- |

| | | | | |
|---|---|---|---|---|
| | കുഴൽകിണർ നിർമ്മാണം | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2022-23 ൽ മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷ വരവ് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| കെ.യു.ആർ. ഡി.എഫ്.സി | 8019629 | 3220000 | 1270592 | - | 9969037 |

2019-20 വർഷത്തിലെ ലോൺ ഇനത്തിലുള്ള തിരിച്ചടവ് തുകയായ 735294/- രൂപ ലോൺ ബാധ്യത തുകയിൽ നിന്ന് കുറവ് ചെയ്യിട്ടില്ലാത്തത് നിലവിലും ലോൺ നീക്കിയിരിപ്പിൽ ക്രമീകരിച്ചിട്ടില്ല. ആയത് പരിഹരിക്കേണ്ടതാണ്. സ്ഥാപനത്തിലെ വായ്പ കണക്കുകളും വാർഷിക കണക്കുകളും തമ്മിൽ ടി തുകയുടെ വ്യത്യാസം നിലനിൽക്കുന്നു.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങളുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. യഥാർത്ഥത്തിലുള്ള സ്ഥിരനിക്ഷേപത്തിന്റെ വിവരം, സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമല്ല. ബാങ്ക് സ്റ്റേറ്റ്മെന്റിലുള്ള വിവരങ്ങൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 63315 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| പലിശ | 1522 |
| ആകെ | 64837 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 64837 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം</u>

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| തലപ്പലം സർവീസ് സഹകരണ ബാങ്ക്, പ്ലാശ്ശനാൽ ശാഖ<br>അക്കൗണ്ട് നം. 0120000015973 | 64837 |
| ആകെ | 64837 |

ബാങ്ക് സ്റ്റേറ്റ്മെന്റിൽ അവശേഷിക്കുന്ന തുക 44368/- രൂപയാണ്.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് | ഭാഗം/ഖണ്ഡിക | ഈടാക്കിയ | ഒടുക്കിയ | രസീത് നം./തീ. |
|---|---|---|---|---|

| വർഷം | | തുക | ആൾ | |
|---|---|---|---|---|
| 2021-22 | 1-26 | 2230 | അസിസ്റ്റന്റ് എൻജിനീയർ | 1220103022/15.03.2023 |
| 2021-22 | 1-27 | 2676 | അസിസ്റ്റന്റ് എൻജിനീയർ | 1220103022/15.03.2023 |
| 2021-22 | 1-27 | 6063 | അസിസ്റ്റന്റ് എൻജിനീയർ | 1220102775/03.03.2023 |
| ആകെ | | 10969 | | |

ടി തുകയിൽ 9,862/- രൂപ 31.03.2023 തീയതിയിൽ ട്രെഷറിയിൽ അടവാക്കിയിട്ടുണ്ട്. ആയതിനാൽ ബാലൻസ് ഷീറ്റ് B 12 ഷെഡ്യൂൾ പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ 1107/- രൂപയാണ് നീക്കിയിരിപ്പ്. പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | 1,അനുബന്ധം-3 | വസ്തു നികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2014-15 | 2-4 | 2016-17 | 2,അനുബന്ധം-4 | തൊഴിൽ നികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2015-16 | 2-5 | 2016-17 | 2,അനുബന്ധം-5 | തൊഴിൽ നികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) (റസീപ്റ്റ് ആൻഡ് പേയ്മെന്റ് പത്രിക പ്രകാരം) | : 3,90,01,41 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 2,56,77,175 |

| | |
|---|---|
| (റസീപ്റ്റ് ആൻഡ് പേയ്മെന്റ് പത്രിക പ്രകാരം) | |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | : 69012009 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | : 67339222 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 4248/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 1267500/- |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| (1-26) 3-1 | . | 4248 | അനു ചന്ദ്രൻ, വിഇഒ, പ്ലാശനാൽ സർക്കിൾ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 70000 | ജിനു സെബാസ്റ്റ്യൻ, വിഇഒ പ്ലാശനാൽ സർക്കിൾ |
| 1-28 | 17000 | അനു ചന്ദ്രൻ, വിഇഒ, പ്ലാശനാൽ സർക്കിൾ |
| 1-29 | 590500 | രാജീവ് ആർ, സെക്രട്ടറി |
| 1-30 | 450000 | അക്സ പി തോമസ്, വെറ്ററിനറി സർജൻ |
| 1-31 | 140000 | ലൗജിൻ സണ്ണി, വിഇഒ പ്ലാശനാൽ, സർക്കിൾ |
| **ആകെ** | 1267500 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| അന്ന ചന്ദ്രൻ, വിഇഒ, പ്ലാശനാൽ സർക്കിൾ | വിഇഒ, തലപ്പലം ഗ്രാമപഞ്ചായത്ത് | പനച്ചിക്കൽ, അരുവിത്തുറ പി ഒ ഈരാറ്റുപേട്ട-686122 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്ന് പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിയ്ക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01, 01-02 | കെ.എസ്.എ-കെ.ടി.എം-പി.14/2022/1767/2022, 07.04.2017 | 3 |
| 2002-03 ചെലവ് | എൽ എഫ്.കെ.പി.7/925 /04/04.03.05 | - |
| 2002-03 വരവ് | എൽ .എഫ്.കെ.പി.3/1087 /07/25.09.08 | - |
| 2004-05 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം-പി 14(അദാ.18)204(2)03.02.2018 | 01 |
| 2010-11, 2011-12 | കെ.എസ്.എ-കെ.ടി.എം-പി 14/അദാ.2022/1769/26.8.22 | 01 |
| 2012-13, 2013-14 | കെ.എസ്.എ-കെ.ടി.എം-പി 14/അദാ.2022/1170/26.8.22 | 02 |
| 2014-15 | കെ.എസ്.എ-കെ.ടി.എം-പി 14/അദാ.2022/1771/26.8.22 | 07 |
| 2015-16 | കെ.എസ്.എ-കെ.ടി.എം. പി.2-318/17, തീയതി: 25.3.2017 | 10 |
| 2016-17 | കെ.എസ്.എ-കെ.ടി.എം. പി.14-1924/2017, തീയതി: 23.2.2018 | 06 |
| 2017-18 | കെ.എസ്.എ-കെ.ടി.എം. പി.14-223/2019, തീയതി: 14.10.2019 | 14 |
| 2018-19 | കെ.എസ്.എ-കെ.ടി.എം. | 09 |

| | | |
|---|---|---|
| | പി.14-1554/22,<br>തീയതി: 27.10.2022 | |
| 2019-20 | കെ.എസ്.എ-കെ.ടി.എം.<br>പി.14-767/21,<br>തീയതി: 27.07.2022 | 14 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.<br>പി.14-259/22,<br>തീയതി: 08.08.2022 | 17 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.<br>പി.14-2523/22,<br>തീയതി: 26.05.2023 | 18 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ ഖണ്ഡികകൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 07-07-2023 and submitted on 11-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Thalappalam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Thalappalam Grama Panchayat for the year 2022-2023

**Date: 23/12/2023**

**Deputy Director**
**District Office Kottayam**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Thalappalam Grama Panchayat for the Year 2022-2023 .

**1.Major Observations**

1. Panchayath general fund details not maintained. Source Data not available for the value of total general fund as on 31/03/2023.

2. Non Disclosure of Assets-Assets not classified, evaluated and accounted-Asset Register has not updated.

3. Documents for verification of capital contribution not provided. Captal contribution opening balance details, fundwise capital contribution of current year are not available.

4. The loan register has not maintained properly. Actual balance amount of KURDFC Loan as on 31/03/2023 does not match with Loan Register and AFS figure.

**2.Other Observations**

1. All mandatory financial statements prescribed in accounting rules are not submitted for audit.
2. B5 schedule (KURDFC Loan) does not match with that of B16 Schedule (Prepaid Expenses).
3. Government/Other dues register not maintained to substantiate financial statements.
4. Deposit register is not kept reliable for audit.
5. Entries in Advance register differs from AFS.
6. Property Tax and Profession Tax demand registers does not match with Annual Financial statements.
7. Appropriation control register of specific purpose grant does not match with AFS.
8. One of the three bank accounts for health grant has not included in Annual Financial statement.
9. Investment register not properly maintained so the authenticity of fixed deposit can't be verified.
10. Details of rent arrears in balance sheet B15 schedule were not available.
11. Adequate provision for doubtful debts are not provided .

**Deputy Director**
**District Audit Office, Kottayam**
**Kerala State Audit Department**

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

കോട്ടയം ജില്ലയിലെ തലപ്പലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്